**മണപ്പുറം ഫിനാൻസ് ലിമിറ്റഡിൽ നിന്നുള്ള MAKash PPI വാലറ്റ് ആധാർ, പാൻ ഓതന്റിക്കേഷൻ എന്നിവ ഉപയോഗിക്കുന്നതിന് കസ്റ്റമർക്കുള്ള സേവനങ്ങളുടെ നിബന്ധനകളും വ്യവസ്ഥകളും**

സൈറ്റ് (താഴെ നിർവചിച്ചിരിക്കുന്നത്) ഉപയോഗിക്കുന്നതിനോ രജിസ്റ്റർ ചെയ്യുന്നതിനോ ആക്സസ് ചെയ്യുന്നതിനോ ബ്രൗസ് ചെയ്യുന്നതിനോ ഡൗൺലോഡ് ചെയ്യുന്നതിനോ മുമ്പ് ദയവായി താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും വായിക്കുക.

ഈ രേഖ 2000 ലെ വിവരസാങ്കേതിക നിയമത്തിൽ വരുന്ന ഇലക്ട്രോണിക്ക് രേഖയാണ് ഇതിന്റെ കീഴിലുള്ള ചട്ടങ്ങളും ഇലക്ട്രോണിക്ക് രേഖകളെ സംബന്ധിച്ച പ്രൊവിഷനുകളും 2000 ലെ വിവരസാങ്കേതിക നിയമത്തിൽ പ്രകാരം വിവിധ സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുന്നതാണ്. സൈറ്റ് ആക്സസ് ചെയ്യുകയോ ഉപയോഗിക്കുകയോ അല്ലെങ്കിൽ സേവനം ഉപയോഗിക്കുകയോ (താഴെ കൊടുത്തിരിക്കും പ്രകാരം) ചെയ്യുക വഴി താങ്കൾ താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിക്കുമെന്ന് സമ്മതം നൽകുകയാണ്. അധികമായി കൂട്ടിച്ചേർത്ത മാർഗ്ഗ നിർദ്ദേശങ്ങളും ഭാവിയിൽ വരുത്തുന്ന ഭേദഗതികളും ഉൾപ്പെടെയാണിത്. അക്കൗണ്ട് തുറക്കൽ, അക്കൗണ്ടിന്മേലുള്ള പൊതുവായ ബാധകമായ നിബന്ധനകൾ എന്നിവ MAFIL PPI വോളിറ്റ് വെബ്സൈറ്റായ www.manappuramdigital.com ൽ കൊടുത്തിരിക്കുന്നത് താങ്കൾ വായിച്ചു നോക്കിയെന്നും മനസ്സിലാക്കിയെന്നും അവ അനുസരിക്കുമെന്നും താങ്കൾ ഇതിനാൽ ഉറപ്പുനൽകുന്നു. ഒരിക്കൽ അക്കൗണ്ട് തുറന്നാൽ, കസ്റ്റമർ തിരഞ്ഞെടുക്കുന്ന ഉല്പന്നത്തിനനുസരിച്ച് താഴെ പറയുന്ന പ്രകാരമുള്ള നിബന്ധനകളും വ്യവസ്ഥകളും ബാധകമാണ്. ഏതെങ്കിലും സമയത്ത് താങ്കൾ നിബന്ധനകളും വ്യവസ്ഥകളും അനുസരിക്കാൻ വിസമ്മതിച്ചാലോ താഴെ കൊടുത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും പ്രകാരം നിയന്ത്രണവിധേയരാകാൻ ഇഷ്ടപ്പെടുന്നില്ലെങ്കിലോ താങ്കൾ സൈറ്റ് ഉപയോഗിക്കുന്നതോ ആക്സസ് ചെയ്യുന്നതോ ഉടനടി നിർത്തുകയോ ഉടൻ തന്നെ സേവനങ്ങൾ ഉപയോഗിക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യുക.

**1. നിർവചനങ്ങൾ**

a. "കസ്റ്റമർ" അല്ലെങ്കിൽ "നിങ്ങൾ" എന്നാൽ MAKash Wallet ലഭിക്കുന്നതിനായി MAFIL ൽ രജിസ്റ്റർ ചെയ്തതും ഈ നിബന്ധനകളും വ്യവസ്ഥകളും എല്ലാം അംഗീകരിച്ചതും MAKash Wallet നെ സപ്പോർട്ട് ചെയ്യുന്നതരത്തിലുള്ള ഇന്റർനെറ്റ് ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ സ്വന്തമായിട്ടുള്ളതോ / ഓപ്പറേറ്റ് ചെയ്യുന്നതോ ആക്സസ് ഉള്ളതോ ആയ ആൾ എന്നാണർത്ഥം.

b. ഞങ്ങൾ ഞങ്ങളുടെ എന്നാൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ്

c. "MAFIL" എന്നാൽ, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്ന 1956 ലെ കമ്പനീസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച ഒരു ബാങ്കിംഗ് ഇതര ഫിനാൻഷ്യൽ കമ്പനിയായ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ആണ്. ഇതിന്റെ കോർപ്പറേറ്റ് ഓഫീസ്, IV/470 (പഴയത്) W638A (പുതിയത്) മണപ്പുറം ഹൗസ്, വലപ്പാട്, തൃശ്ശൂർ, കേരള, ഇന്ത്യ - 680 567

d. "MAKash Wallet" എന്നാൽ ബേസിക്ക് അക്കൗണ്ടും പ്രൈം അക്കൗണ്ടും ഉൾപ്പെടെ MAFIL

ഇഷ്യൂ ചെയ്യുന്ന പ്രീ-പെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റ് ആണ്.

e. "ചാർജ്ജുകൾ" അല്ലെങ്കിൽ "സർവീസ് ചാർജ്ജുകൾ" എന്നാൽ MAKash Wallet സബ്സ്ക്രൈബ് ചെയ്യുമ്പോൾ MAFIL നിങ്ങളിൽ നിന്നും ഈടാക്കാവുന്ന ചാർജ്ജുകളാണ്

f. " പേഴ്സൺ - ടു- പേഴ്സൺ ട്രാൻസ്ഫർ" എന്നാൽ ഒരു MAKash വാലറ്റിൽ നിന്നും MAFIL ഇഷ്യൂചെയ്ത മറ്റേതെങ്കിലും വാലറ്റിലേക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും സേവിംഗ്സ് അഥവാ കറണ്ട് ബാങ്ക് അക്കൗണ്ടിലേക്കോ ഫണ്ടുകൾ ട്രാൻസ്ഫർ ചെയ്യാനുള്ള സൗകര്യമാണ്

g. "മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്" എന്നാൽ MAKash Wallet ഉപയോഗിച്ച് പേയ്മെന്റുകൾ സ്വീകരിക്കാനായി MAFIL അധികാരപ്പെടുത്തിയ ഫിസിക്കൽ മർച്ചന്റ്സ് റിമോട്ട് മർച്ചന്റ്സ് മറ്റേതെങ്കിലും എന്നിവയും ഇവ ഉൾപ്പെടുന്നവയുമാണ്.

h. MAKash വാലറ്റ് ലഭിക്കാനും / അഥവാ തുടരാനും രജിസ്ട്രേഷൻ സമയത്ത് MAFIL കസ്റ്റമർമാരിൽ നിന്നും ആവശ്യപ്പെടുന്ന പോലുള്ള MAKash വാലറ്റ് എൻറോൾമെന്റ് ഫോറത്തെയാണ് "എൻറോൾമെന്റ് ഫോറം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

I. "ബേസിക്ക് അക്കൗണ്ട്" എന്നാൽ കസ്റ്റമർമാരിൽ നിന്നും ഏറ്റവും കുറഞ്ഞ വിവരങ്ങൾ ലഭിക്കുന്നതിനുവേണ്ടി ഇഷ്യൂ ചെയ്യുന്ന സെമിക്ലോസ്ഡ് സിസ്റ്റം പേയ്മെന്റ് ഇൻസ്ട്രുമെന്റുകൾ ആയി തരംതിരിച്ചിട്ടുള്ള കസ്റ്റമർ MAKash വാലറ്റ് ആണ്. ഏറ്റവും കുറഞ്ഞ വിവരങ്ങൾ എന്നതിൽ OTP യോടു കൂടി വെരിഫൈ ചെയ്യപ്പെട്ട മൊബൈൽ നമ്പർ, പേരിനെക്കുറിച്ചുള്ള സ്വയം പ്രസ്താവന, ഇ-മെയിൽ ഐഡി, കാലാകാലങ്ങളിൽ PML നിയമങ്ങൾ/ RBI നിർദ്ദേശങ്ങൾ/ മറ്റ് സ്റ്റാറ്റ്യൂട്ടറി ബോഡികൾ എന്നിവ നിഷ്കർഷിക്കുന്ന "ഔദ്യോഗികമായി സാധുവായ രേഖകളിൽ" ഏതെങ്കിലും പ്രകാരമുള്ള യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ എന്നിവയാണ്. കസ്റ്റമർമാരിൽ നിന്നും ഏറ്റവും കുറഞ്ഞ വിവരങ്ങൾ ശേഖരിച്ചുകൊണ്ട് ഇഷ്യുചെയ്യപ്പെടുന്ന അത്തരം വിഭാഗത്തിൽപ്പെട്ട സെമി-കോസ്ഡ് പ്രീപെയ്ഡ് ഇൻസ്ട്രുമെന്റുകൾക്ക് വോളിറ്റുകൾ വഴി നടക്കുന്ന ഇടപാടുകളുടെ ഇനം/ സ്വഭാവം എന്നിവ RBI, കാലാകാലങ്ങളിൽ അനുവദിക്കും പ്രകാരം നിയന്ത്രിക്കപ്പെട്ടിരിക്കും.

j. KYC ക്ക് അനുസൃതമായതും സെമി-ക്ലോസ്ഡ് സിസ്റ്റം പേയ്മെന്റ് ഇൻസ്ട്രുമെന്റുകൾ ആയി വർഗ്ഗീകരിച്ചതുമായ കസ്റ്റമർ വോളിറ്റ് ആണ് പ്രൈം അക്കൗണ്ട്. ഇത്, RBI നിർദ്ദേശ പ്രകാരം RBI കാലാകാലങ്ങളിൽ ഭേദഗതി വരുത്തുകയും കൂട്ടിച്ചേർക്കുകയും ചെയ്യുന്ന 2009 ലെ ഇന്ത്യ (റിസർവ് ബാങ്ക്) നിർദ്ദേശങ്ങളിലെ പ്രീ-പെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റുകളുടെ ഇഷ്യൂ സംബന്ധിച്ച RBI നിർദ്ദേശപ്രകാരം വേർതിരിച്ച എല്ലാ മർച്ചന്റുമാരിലേക്കും പേഴ്സൺ- ടു- പേഴ്സൺ ട്രാൻസ്ഫറും പേയ്മെന്റും അനുവദിക്കുന്നു.

K. "KYC" എന്നാൽ നിങ്ങളുടെ കസ്റ്റമറെ അറിയുക Know your Customer എന്നാണർത്ഥം. ഏതെങ്കിലും സേവനങ്ങൾ നൽകുന്നതിനു മുമ്പായി, RBI, പുറത്തിറക്കുന്ന വിവിധ നിർദ്ദേശങ്ങൾ, PMLA ആക്റ്റ് (പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്റ്റ്, 2002) ഇവയുടെ കീഴിൽ രൂപീകരിക്കുന്ന കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്നതും കൂട്ടിച്ചേർക്കപ്പെതുന്നതുമായ നിയമങ്ങൾ എന്നിവ പ്രകാരം കസ്റ്റമറുടെ വ്യക്തിഗത

വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് കൂടാതെ/ അല്ലെങ്കിൽ പിന്നീടുള്ള തീയതിയിൽ MAKash വാലറ്റ് ഉപയോഗിക്കാൻ കൂടാതെ / അല്ലെങ്കിൽ തുടരാൻ MAFIL ന് നിങ്ങളുടെ കസ്റ്റമറെ അറിയുക (KYC) രേഖകൾ വേണ്ടിവന്നേക്കാം.

l. MAKash വോളിറ്റ് ആപ്ലിക്കേഷൻ ലഭിക്കാൻ വേണ്ടി ഉപയോഗിക്കുന്ന രഹസ്യ പാസ്‌വേർഡ് ആണ് "Password". ഇതറിയാതെ നിങ്ങളുടെ MAKash വാലറ്റ് പ്രവർത്തിപ്പിക്കാൻ കഴിയില്ല.

m. ട്രാൻസാക്ഷൻ എന്നാൽ പേഴ്സൺ - ടു-പേഴ്സൺ ട്രാൻസ്ഫർ അല്ലെങ്കിൽ സാധനങ്ങൾ അഥവാ സേവനങ്ങൾ എന്നിവ മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്സിൽ പർച്ചേസ് ചെയ്യൽ, സാധനങ്ങളോ സേവനങ്ങളോ ലഭ്യമല്ലെങ്കിൽ തത്തുല്യമായ പണം MAKash വാലറ്റിൽ എന്നാണർത്ഥം.

n. ഒരു MAKash വാലറ്റിൽ നിന്നും ഏതെങ്കിലും ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ടുകൾ ട്രാൻസ്ഫർ ചെയ്യാനുള്ള സൗകര്യമാണ് "പേഴ്സൺ - ടു - ബാങ്ക് ട്രാൻസ്ഫർ" വഴി ഉദ്ദേശിക്കുന്നത്.

o. "RBI" എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

## 2. വ്യാഖ്യാനം

a. നിയമപരമായ വ്യവസ്ഥകളെക്കുറിച്ചുള്ള പരാമർശങ്ങൾ നിലവിൽ പ്രാബല്യത്തിലുള്ളവയുടെ ഏതെങ്കിലും ഭേദഗതി അല്ലെങ്കിൽ പുനരാവിഷ്ക്കാരം ആയി കൂടിയും വ്യാഖാനിക്കേണ്ടതില്ല. കൂടാതെ അത്തരം നിയമപരമായ വ്യവസ്ഥകളുടെ പിന്തുടർച്ചയായി വരുന്ന എല്ലാ നിയമപരമായ ഇൻസ്ട്രുമെന്റുകളും ഉത്തരവുകളും ഇതിൽ പെടുന്നു.

b. ഈ യൂസർ ടേമിലുള്ള വിവിധ ക്ലോസുകളുടെ തലക്കെട്ടുകൾ, പെട്ടെന്നുള്ള റെഫറൻസിനും കാര്യങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനും മാത്രം ഉള്ളവയാണ് അതിനു കീഴിലുള്ള ക്ലോസുകളുടെ ഉള്ളടക്കത്തിന്റെ സ്റ്റേറ്റ്മെന്റുകൾ ആയി എടുക്കേണ്ടതില്ല അവയ്ക്ക് ഈ യൂസർ ടേംസിലെ വിവിധ ടേമുകളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളെ അല്ലെങ്കിൽ വിശദീകരണങ്ങളെ മാറ്റുവാനോ നിയന്ത്രിക്കാനോ ഉള്ള കഴിവില്ല.

c. ഏകവചനത്തിൽ ബഹുവചനവും ഉൾപ്പെടുന്നു. തിരിച്ചും കൂടാതെ ഒരു ലിംഗത്തിൽ പെടുന്നവ, മറുലിംഗത്തിനും ബാധകമായിരിക്കും

d. "ഉൾക്കൊള്ളുക" "ഉൾക്കൊണ്ടിരിക്കുന്നു" തുടങ്ങിയ വാക്കുകളുടെ പരാമർശം പരിമിതികൾ ഇല്ലാതെ തന്നെ വ്യാഖ്യാനിക്കപ്പെടേണ്ടതാണ്.

e. ഈ യൂസർ ടേമുകൾ അല്ലെങ്കിൽ ഏതെങ്കിലും ഉടമ്പടികൾ കരാറുകൾ, മറ്റ് ഇൻസ്ട്രുമെന്റുകൾ രേഖകൾ എന്നിവയെ പറ്റിയുള്ള പരാമർശം അത്തരം ഉടമ്പടികൾ കരാറുകൾ, മറ്റ് ഇൻസ്ട്രുമെന്റുകൾ എന്നിവയെക്കുറിച്ച് കാലാകാലങ്ങളിൽ ഭേദഗതിചെയ്യുകയോ ചെയ്യുന്നവയായി വ്യാഖ്യാനിക്കപ്പെടാം.

f. സന്ദർഭത്തിനു വിരുദ്ധമല്ലെങ്കിൽ, ഏതെങ്കിലും സ്വാഭാവിക വ്യക്തിയെക്കുറിച്ചുള്ള പരാമർശം, അദ്ദേഹത്തിന്റെ പിന്തുടർച്ചാവകാശികൾ, കാര്യങ്ങൾ ഏറ്റെടുത്തു നടത്തുന്നവർ, നടത്തുവാൻ ഏൽപ്പിച്ചവർ എന്നിവ ഉൾപ്പെടുന്നു. അതുപോലെ MAFIL പോലുള്ള ഒരു നിയമപരമായ വ്യക്തിയെ സംബന്ധിച്ച പരാമർശം സന്ദർഭത്തിനു വിരുദ്ധമല്ലെങ്കിൽ അതിന്റെ അഫിലേറ്റുകൾ, പിന്തുടർച്ചക്കാർ, കാര്യങ്ങൾ നടത്തുവാൻ ഏൽപ്പിച്ചവർ എന്നിവർ ഉൾപ്പെടുന്നു.

g. ഈ യൂസർ ടേമുകളിൽ ഉടനീളം ഞങ്ങളുടെ എഴുതിയറിയിച്ച സമ്മതം എന്നു കാണുന്നതിനർത്ഥം താങ്കൾ അംഗീകാരം ചോദിച്ച പ്രവർത്തനം അല്ലെങ്കിൽ കാര്യം പ്രത്യേകമായി വിവരിച്ചുകൊണ്ട് താങ്കളുടെ അപേക്ഷക്ക് മറുപടിയായി MAFIL ന്റെ അധികാരപ്പെടുത്തിയ പ്രതിനിധി നൽകുന്ന മറുപടിയാണ്.

## 3. സേവനം ഉപയോഗപ്പെടുത്താനുള്ള യോഗ്യതയും രജിസ്ട്രേഷനും

a. MAKash വാലറ്റ് ഉപയോഗിക്കുന്നത് താങ്കൾക്ക് 18 വയസ്സായിരിക്കണം. ഈ വ്യവസ്ഥകൾ ഉപയോഗിക്കുന്നത് കമ്പനിയിലെ അധികാരപ്പെടുത്തിയ അംഗീകൃത പ്രതിനിധിയായിരിക്കണം താങ്കൾ. ഞങ്ങളുടെ രജിസ്ട്രേഷൻ ഫോറത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം നിങ്ങളെക്കുറിച്ച് അല്ലെങ്കിൽ നിങ്ങളുടെ കമ്പനിയെക്കുറിച്ച് കൃത്യവും സമകാലികവും പൂർണ്ണവുമായ വിവരങ്ങൾ നൽകാൻ താങ്കൾ സമ്മതിക്കുന്നു (ഇ-മെയിൽ വിലാസം ഉൾപ്പെടെ). കൂടാതെ ഈ വിവരങ്ങൾ കൃത്യവും സമകലികവും പൂർണ്ണവുമായി നിലനിർത്താനായി താങ്കൾ, താങ്കളുടെ വിവരങ്ങൾ (ഇ-മെയിൽ വിലാസം ഉൾപ്പെടെയുള്ളവ) പരിപാലിക്കുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്യണം. താങ്കൾ നൽകിയിരിക്കുന്ന ഏതെങ്കിലും വിവരം തെറ്റോ, സാങ്കല്പികമോ, കൃത്യമല്ലാത്തതോ, നിലവില്ലാത്തതോ അപൂർണ്ണമോ ആയി കാണുകയാണെങ്കിൽ ഏത് അക്കൗണ്ടും ടെർമിനേറ്റ് ചെയ്യുകയോ അല്ലെങ്കിൽ താങ്കളുടെ സൈറ്റ് ഉപയോഗം അഥവാ പ്ലാറ്റ്-ഫോം / നെറ്റ്വർക്ക് ഉപയോഗം അവസാനിപ്പിക്കുകയോ ചെയ്യാനുള്ള അവകാശം ഞങ്ങൾക്കുണ്ട് . ഇക്കാര്യത്തിൽ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയോ നൽകാതിരിക്കുകയോ ചെയ്യാം.

b. താങ്കളുടെ അക്കൗണ്ട് ആക്സസ് ചെയ്യാനായി താങ്കൾക്ക് ഒരു യൂസർ id യും പാസ്സ്‌വേർഡും നൽകും. ഈ പാസ്സ്‌വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും മറ്റാർക്കും കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാകുന്നു. താങ്കൾ അധികാരപ്പെടുത്തിയാലും ഇല്ലെങ്കിലും ശരി, താങ്കളുടെ അക്കൗണ്ടിൽ നടക്കുന്ന എല്ലാ പ്രവൃത്തികൾക്കും ഉത്തരവാദി താങ്കൾ തന്നെ ആയിരിക്കും. എന്നിരുന്നാലും താങ്കളുടെ അക്കൗണ്ട് അല്ലെങ്കിൽ യൂസർ id, ഉപയോഗം നടക്കുന്നുണ്ടെങ്കിൽ ദയവായി ഞങ്ങളുമായി ഉടനടി ബന്ധപ്പെടുക.

## 4. ഡോക്യുമെന്റേഷൻ

a. കസ്റ്റമറുടെ രേഖകൾ ശേഖരിക്കൽ, പരിശോധിക്കൽ, ആഡിറ്റൽ ചെയ്യൽ ശരിയായതും പരിഷ്കരിച്ചതുമായ രേഖകൾ പരിപാലിക്കൽ എന്നിവ ഒരു നിരന്തര പ്രക്രിയയാണ്. KYC ആവശ്യപ്പെടുന്ന പ്രസക്തമായതും ബാധകമായതുമായ എല്ലാ കാര്യങ്ങളും ഇതിൽ പാലിക്കപ്പെടുന്നു എന്ന് ഏതുസമയത്തും ഉറപ്പാക്കാനും അതിനു വേണ്ട നടപടികൾ എടുക്കാനും MAFIL ന് രേഖകളിൽ പൊരുത്തക്കേടുണ്ടെന്ന് എപ്പോഴെങ്കിലും തെളിഞ്ഞാൽ MAKash വാലറ്റ് സേവനങ്ങൾ നിറുത്തിവയ്ക്കാൻ/ അപേക്ഷ തള്ളാനുള്ള

അധികാരം MAFIL നുണ്ട്

b. MAKash വാലറ്റ് നേടുക എന്ന ലക്ഷ്യത്തോടു കൂടി MAFIL ന് നൽകിയ ഏതുവിവരവും MAFIL ൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ബാധകമായ നിയമവും മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ച്, സ്വന്തം വിവേചനാധികാരപ്രകാരം അത് MAFIL ഉപയോഗിക്കുകയും ചെയ്യും.

c. പ്രൈം അക്കൗണ്ട് തുറക്കുന്നതിനായി / മൈഗ്രേറ്റ് ചെയ്യുന്നതിനായി നൽകിയ KYC ഡോക്യുമെന്റിലെ വിവരങ്ങൾ, എൻറോൾമെന്റ് ഫോറത്തിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, കസ്റ്റമർക്ക് തന്റെ ഫണ്ട്, സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് (MAFIL യഥാവിധി പരിശോധിച്ചത്) ട്രാൻസ്ഫർ ചെയ്യാം. ഇതിനായി കസ്റ്റമറിന്റെ KYC പ്രകാരമുള്ള ചട്ടങ്ങൾ പാലിച്ചിരിക്കണം. അല്ലെങ്കിൽ ഫണ്ടുകൾ "ബാക്ക് ടു സോഴ്സ്" (PPI ലോഡ് ചെയ്ത സ്ഥലത്തെ പേയ്മെന്റ് സോഴ്സ്) ട്രാൻസ്ഫർ ചെയ്യാം അതുമല്ലെങ്കിൽ 30 ദിവസത്തിനുള്ളിൽ പണം ഉപയോഗിക്കാം. നിർദ്ദിഷ്ട KYC ഡോക്യുമെന്റുകൾ സമർപ്പിക്കുന്നതുവരെ തുടർന്ന് വോളിറ്റിൽ വീണ്ടും ലോഡിംഗ് അനുവദിക്കുന്നതല്ല.

## 5. MAKash വാലറ്റ് ഉപയോഗിക്കുന്നതിനുള്ള പൊതുവായ വ്യവസ്ഥകൾ

a. വിജയകരമായി രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ ഉടനെ താങ്കൾക്ക് ബേസിക്ക് അക്കൗണ്ട് ഇഷ്യൂ ചെയ്യപ്പെടും. രജിസ്ട്രേഷൻ സമയത്തുതന്നെ അല്ലെങ്കിൽ പിന്നീടൊരു തീയതിയിൽ ഡോക്യുമെന്റുകൾ സമർപ്പിച്ചാൽ രേഖകൾ MAFIL പരിശോധിച്ച് അംഗീകരിക്കുകയും താങ്കളുടെ അക്കൗണ്ട് പ്രൈം അക്കൗണ്ടായി ഉയർത്തപ്പെടുകയും ചെയ്യും. ബന്ധപ്പെട്ട രേഖകൾ ലഭിച്ച് അവ പരിശോധിച്ച് കഴിഞ്ഞാൽ ഇരുപത്തൊന്ന് (21) പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ MAKash Wallet പ്രൈം അക്കൗണ്ട് സേവനങ്ങൾ ആക്ടിവേറ്റ് ചെയ്യപ്പെടും. വിശദമായ സവിശേഷതകൾ, രജിസ്ട്രേഷൻ പ്രക്രിയ, ഡോക്യുമെന്റേഷൻ നടപടികൾ, KYC ആവശ്യപ്പെടുന്നവ, അനുവദനീയമായ ഇടപാടുകൾ, സേവനം നിർത്തിവയ്ക്കാനുള്ള നടപടിക്രമങ്ങൾ, തുടങ്ങി മുകളിൽ കൊടുത്തിരിക്കുന്നവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ദയവായി www.manappuramdigital.com റെഫർ ചെയ്യുക.

b. www.manappuramdigital.com കൊടുത്തിരിക്കുന്ന ഏതെങ്കിലും മാർഗ്ഗത്തിലൂടെ നിങ്ങൾക്ക് നിങ്ങളുടെ MAKash വാലറ്റ് റീചാർജ് ചെയ്യാം. റീചാർജ് ഔട്ട്ലെറ്റുകളുടെ ലിസ്റ്റ്, MAKash വാലറ്റ് റീചാർജ് ചെയ്യുന്ന രീതി ഇവ MAFIL ന്റെ വിവേചനാധികാരത്തിനനുസരിച്ച് മാറാവുന്നതാണ്. കസ്റ്റമറെ മുൻകൂട്ടി അറിയിക്കാതെ തന്നെ ഇപ്രകാരം ചെയ്യുന്നതാണ്.

c. MAKash വാലറ്റിൽ നിന്നും പണം പിൻവലിക്കുന്നത് അനുവദനീയമല്ല എന്ന് നിങ്ങൾ ഓർക്കേണ്ടതാണ്. MAKash വാലറ്റിൽ നിലനിൽക്കുന്ന ക്രെഡിറ്റ്, മർച്ചന്റ് സ്ഥാപനങ്ങളിലെ ഉത്തമവിശ്വാസത്തിലുള്ള ഇടപാടുകൾക്ക് വേണ്ട പേയ്മെന്റ് നടത്താൻ കൂടാതെ പേഴ്സൺ-ടു-പേഴ്സൺ ട്രാൻസ്ഫർ അല്ലെങ്കിൽ പേഴ്സൺ-ടു-ബാങ്ക് ട്രാൻസ്ഫർ നടത്താൻ മാത്രമേ ഉപയോഗിക്കാവൂ. അത്തരം പേഴ്സൺ-ടു- പേഴ്സൺ ട്രാൻസ്ഫറുകൾ അല്ലെങ്കിൽ പേഴ്സൺ -ടു-ബാങ്ക് ട്രാൻസ്ഫർ എന്നിവ മുൻകൂട്ടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാത്രമേ നടത്താവൂ എന്നും MAFIL കാലാകാലങ്ങളിൽ തീരുമാനിക്കും പ്രകാരമുള്ള കൂളിംഗ് പിരിയഡ് കഴിഞ്ഞതിനുശേഷമേ അനുവദിക്കുകയുള്ളൂ എന്ന് കസ്റ്റമർമാർ മനസ്സിലാക്കേണ്ടതാണ്.

d. 18 വയസ്സ് തികഞ്ഞ, ഇന്ത്യയിലെ താമസക്കാർക്കും നാട്ടിൽ നിലനിൽക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം ഉടമ്പടിയിൽ ഒപ്പിടാൻ യോഗ്യരായവർക്കും മാത്രമേ MAKash വാലറ്റ് ലഭ്യമാകുകയുള്ളൂ.

e. MAKashവാലറ്റുകൾ ട്രാൻസ്ഫർ ചെയ്യാവുന്നതല്ല.

f. MAKash വാലറ്റ് പ്രധാന ആവശ്യതകൾ/ സവിശേഷതകൾ.

**രേഖ**

**രജിസ്ട്രേഷൻ സമയം**

**രജിസ്ട്രേഷൻ ഫീസ്**

**വാലറ്റ്**

**പരിമിത KYC സേവനം / ബേസിക്ക് അക്കൗണ്ട്**

ഔദ്യോഗികമായി സാധുവായ ഡോക്യുമെന്റ്, നമ്പർ, സെൽഫ്-രജിസ്ട്രേഷൻ സമയത്ത് ആവശ്യമാണ്. (ഉദാ - പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, PAN,വോട്ടർ ID കാർഡ്)

**മുഴുവൻ KYC സേവനം / പ്രൈം അക്കൗണ്ട്**

MAFIL ശാഖ/ ബ്രാഞ്ച് വഴി. ഔദ്യോഗികമായി സാധുവായ ഡോക്യുമെന്റുകൾ - വ്യക്തിത്വം, മേൽവിലാസം എന്നിവയുടെ തെളിവ്, ഈയടുത്ത കാലത്തെ ഫോട്ടോ ഗ്രാഫ് PAN എന്നിവയോടൊപ്പം

ഉടനടി

ഇല്ല

ക്രെഡിറ്റ്/ ഡെബിറ്റ് കാർഡ് & നെറ്റ്ബാങ്കിംഗ് എന്നിവ വഴി സ്വയം അഥവാ MAFIL ശാഖ വഴി ലോഡ് ചെയ്ത ക്യാഷ്.

**ലോഡ് സൗകര്യം**

**അനുവദിക്കപ്പെട്ട സേവനം**

**വാലറ്റ് ലോഡ് പരിധി**

**ബ്രാഞ്ചിൽ ക്യാഷ് ലോഡിംഗ്**
മർച്ചന്റ് പേയ്മെന്റുകൾ

മർച്ചന്റ് പേയ്മെന്റുകളും ആഭ്യന്തര പണം ട്രാൻസ്ഫറും.

ഏതുമാസമായാലും 10,000/- രൂപയിൽ കൂടാൻ പാടില്ല, ഒരു ധനകാര്യ വർഷത്തിൽ

ലോഡ് ചെയ്ത മൊത്തം തുക, 1,00,000/- ൽ കൂടാൻ പാടില്ല.

INR 1,00,000 പ്രതിമാസം

പ്രതിമാസം 50.000 രൂ. വാലറ്റ് ഇനത്തിനും മൊത്തം പരിധിക്കും വിധേയമായി.

**ആഭ്യന്തര പണകൈമാറ്റ പരിധി**

**ആഭ്യന്തര പണകൈമാറ്റത്തിനുള്ള കൂളിംഗ് പിരിയഡ്**

**ഇടപാട് സൗകര്യ/ കൺവീനിയൻസ് ചാർജ്ജുകൾ**

വാലറ്റിൽ നിന്നും ബാങ്കിലേക്കും വാലറ്റിൽ നിന്നും വാലറ്റിലേക്കുമുള്ള ആഭ്യന്തര പണകൈമാറ്റ പരിധി പ്രതിമാസം 10,000 രൂ. ആയി നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. കാലാകാലങ്ങളിലുള്ള MAFIL സുരക്ഷാനയങ്ങളനുസരിച്ച് വ്യത്യാസപ്പെടാം

മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ, ഫണ്ട് ട്രാൻസ്ഫർ പരിധി ഓരോ ഗുണഭോക്താവിനും പ്രതിമാസം 1,00,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

വാലറ്റ് ഉണ്ടാക്കിയതിനും ലോഡ് ചെയ്തതിനും ഗുണഭോക്താവിനെ ചേർത്തതിനും ശേഷമുള്ള ആഭ്യന്തര പണകൈമാറ്റാത്തിന്റെ കൂളിംഗ് പിരിയഡ്, RBIകാലാകാലങ്ങളിൽ നിഷ്കർഷിക്കും പ്രകാരമായിരിക്കും.

പുതുക്കിയ ചാർജ്ജുകൾക്കായി ദയവായി MAKash കസ്റ്റമർ ആപ്ലിക്കേഷനിലെ Home_More_T.Fees / Limits section നോക്കുക. സർവീസ് ചാർജ്ജ് ഉള്ള പക്ഷം അവ, ഓരോ ഇടപാടിനും മുന്നെ പ്രദർശിപ്പിച്ചിരിക്കും.

കാലാകാലങ്ങളിലുള്ള റെഗുലേറ്ററി മാനദണ്ഡങ്ങൾ, ആജ്ഞകൾ, സുരക്ഷാരീതികൾ എന്നിവയനുസരിച്ച് മാറാം.

7. ഏതുസമയത്തും താഴെ പറയുന്നവ ഉൾപ്പെടെ പക്ഷെ അതുമാത്രമല്ലാത്തതുമായ എന്തുകാരണത്താലും കസ്റ്റമർക്ക് യഥാവിധി അറിയപ്പുനൽകിയശേഷം MAKash വാലറ്റ് സേവനങ്ങൾ ഏതു സമയത്തും നിറുത്തിവയ്ക്കാൻ/ അവസാനിപ്പിക്കാൻ MAFIL ന് അധികാരമുണ്ട്.

a. കാലാകാലങ്ങളിൽ ഇറക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ, വിജ്ഞാപനങ്ങൾ എന്നിവ ലംഘിച്ചതായി സംശയിക്കുക അഥവാ ഈ രേഖയിലെ നിബന്ധനകളും വ്യവസ്ഥകളും ലംഘിക്കുക.

b. താങ്കൾക്ക് നൽകിയിട്ടുള്ള വിവരങ്ങൾ, രേഖകൾ, എൻറോൾമെന്റ് ഫോറങ്ങൾ എന്നിവയിൽ പൊരുത്തക്കേടുകൾ ഉള്ളതായി സംശയിക്കപ്പെടുക.

c. സംഭവ്യമായ ചതി, അട്ടിമറി, കരുതിക്കൂട്ടി നാശംവരുത്തുക, ദേശീയ ഭദ്രതയ്ക്ക് ഭീഷണിവരുത്തുക അല്ലെങ്കിൽ മറ്റേതെങ്കിലും ശക്തമായ കാരണങ്ങൾ

d. ഇവ സാങ്കേതിക തകരാറുകൾ, പുതുക്കലുകൾ, അപ്ഗ്രഡേഷൻ, വ്യത്യാസപ്പെടുത്തലുകൾ, സ്ഥലം മാറ്റലുകൾ, അറ്റകുറ്റപ്പണികൾ ഇവയും / അഥവാ എന്തെങ്കിലും അത്യാവശ്യം മൂലമുണ്ടാകുന്ന പരിപാലനം അല്ലെങ്കിൽ ഏതെങ്കിലും സാങ്കേതിക കാരണങ്ങൾ എന്നിവ മൂലമാണെങ്കിൽ

e. സ്ഥലത്തിന്റെ പ്രത്യേകത അല്ലെങ്കിൽ ഭൂമിശാസ്ത്രപരമായ പരിമിതികൾ മൂലമുണ്ടാകുന്ന സംപ്രേഷണ തകരാറുകൾ മൂലമാണിവ ഉണ്ടാകുന്നതെങ്കിൽ

f. താങ്കളുടെ MAKash വാലറ്റ് പ്രവർത്തന രഹിതമാകുകയാണെങ്കിൽ അല്ലെങ്കിൽ താങ്കളുടെ ഉടമസ്ഥതയിൽ അഥവാ നിയന്ത്രണത്തിൽ അല്ലാതെ വരികയാണെങ്കിൽ

g. അവസാനിപ്പിക്കൽ/ നിറുത്തിവയ്ക്കൽ ആവശ്യമാണെന്ന് ന്യായമായ അഭിപ്രായത്തിൽ MAFIL വിശ്വസിക്കുന്നെങ്കിൽ

7. താങ്കളുടെ MAKash വാലറ്റിൽ സൂക്ഷിച്ചിരിക്കുന്ന തുകയുടെ മൂല്യം യാതൊരു കാരണവശാലും ഒരിക്കലും റീഫണ്ട് ചെയ്യപ്പെടുകയില്ല. ഇവ, മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളുമായ യഥാർത്ഥ ഇടപാടുകൾ നടത്താനും പേഴ്സൺ - ടു- പേഴ്സൺ ട്രാൻസ്ഫർ, അല്ലെങ്കിൽ പേഴ്സൺ -ടു- ബാങ്ക് ട്രാൻസ്ഫർ എന്നിവ നടത്താനും മാത്രമേ ഉപയോഗിക്കുകയുള്ളൂ. MAKash വാലറ്റിൽ ലഭ്യമായ ബാക്കിയായ ബാലൻസിന്മേൽ പലിശ നൽകപ്പെടുന്നതല്ല.

8. ഒരൊറ്റ MAKash വാലറ്റ് പരിപാലിക്കാനും പ്രവർത്തിപ്പിക്കുവാനും മാത്രമേ താങ്കൾക്ക് അനുവാദമുണ്ടായിരിക്കൂ. ഇത് നിറവേറ്റപ്പെടാത്തതായി സംശയിക്കപ്പെട്ടാൽ MAFIL മായി ബന്ധപ്പെട്ട ഏതെങ്കിലും/ എല്ലാ വാലറ്റുകളും നിർത്തിവയ്ക്കപ്പെടും / അവസാനിപ്പിക്കപ്പെടും.

## 6. വാലറ്റിന്റെ ചാർജ്ജുകളും പ്രാബല്യവും

a. MAFIL നിഷ്കർഷിച്ചിട്ടുള്ള സർവീസ് ചാർജ്ജുകൾ, അത്തരം പേയ്മെന്റിന് നിഷ്കർഷിക്കപ്പെട്ട രീതിയിൽ അടയ്ക്കേണ്ടതാണ് കസ്റ്റമർമാരെ യഥാവിധി അറിയിച്ചതിനുശേഷം സ്വന്തം വിവേചനാധികാരപ്രകാരം MAFIL സർവീസ് ചാർജ്ജുകൾ മാറ്റുകയും, ഭേദഗതി ചെയ്യുകയും, വർദ്ധിപ്പിക്കുകയും കുറയ്ക്കുകയും ചെയ്യുന്നതാണ്.

b. ഏതെങ്കിലും ഇടപാടുകൾക്ക് പണമടയ്ക്കാനായി MAKash വാലറ്റ് ഉപയോഗിക്കുമ്പോൾ, അത്രയും തുക താങ്കളുടെ MAKash വാലറ്റിൽ നിന്നും ഓട്ടോമാറ്റിക്ക് ആയി ഡെബിറ്റ് ചെയ്യപ്പെടുന്നു. MAFILന്റെ ഉത്തരവാദിത്വം താങ്കളുടെ വാലറ്റിൽ നിന്നും പണം ഡെബിറ്റ് ചെയ്യുക, തുടർന്ന് താങ്കൾ ഇടപാട് നടത്താനാഗ്രഹിക്കുന്ന മർച്ചന്റ് എസ്റ്റാബ്ലിഷുമെന്റുമായി തുടർന്നുള്ള പേയ്മെന്റ് നടത്തുക എന്നിവയാണ്. MAKash വാലറ്റ് ഉപയോഗിച്ച് വാങ്ങുന്ന അല്ലെങ്കിൽ വാങ്ങാൻ ഉദ്ദേശിക്കുന്ന സാധനങ്ങൾ കൂടാതെ/ അഥവാ, സേവനങ്ങൾ എന്നിവയ്ക്ക് MAFIL ശുപാർശ ചെയ്യുകയോ, അവയെ പ്രോത്സാഹിപ്പിക്കുകയോ ഉയർത്തിക്കാണിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുന്നില്ല.

c. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഫീസ് ഘടന അനുസരിച്ച് താങ്കൾ MAFIL വാലറ്റിൽ ഉപയോഗിച്ച് ലോഡ് ചെയ്യപ്പെടുന്ന തുക അഥവാ MAKash വാലറ്റ് ഉപയോഗിച്ച്

ചിലവഴിക്കുന്ന തുക എന്നിവയ്ക്കുള്ള ചാർജ്ജുകൾ. ചാർജ്ജ് കമ്മീഷൻ കാലാകാലങ്ങളിൽ ഈടാക്കാനുള്ള അധികാരം MAFIL നുണ്ട്. ഈ ചാർജ്ജ്, കീഴാക്കപ്പെടുന്ന മൊത്തം തുകയിന്മേലും ഉള്ളതാണ്. അല്ലാതെ ട്രാൻസ്ഫർ ചെയ്യപ്പെടുന്ന തുകയ്ക്കുള്ളതല്ല.

d.താങ്കളുടെ അപേക്ഷയനുസരിച്ച് പ്രോസസ്സ് ചെയ്ത ഇടപാടുകളിന്മേൽ ഫണ്ടുകൾ റെക്കവർ ചെയ്യാനായി താങ്കളുടെ വാലറ്റിലെ ബാലൻസ് നീക്കിവയ്ക്കാനുള്ള അധികാരം MAFIL നുണ്ട്.

## 7. വാലറ്റിന്റെ കാലാവധി തീരാൻ ബാലൻസ് കണ്ടുകെട്ടൽ

നിലവിൽ, MAFIL വാലറ്റിന് പ്രത്യേക നിർദ്ദിഷ്ട എക്സ്പയറി / കാലാവധി തീരൽ കാലഘട്ടം പറയുകയോ MAKash വാലറ്റിലുള്ള ബാലൻസ് തുക പിടിച്ചെടുക്കുകയോ ചെയ്യുന്നില്ല.

b. ഭാവിയിൽ, RBI മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വാലറ്റ് കാലാവധി തീരൽ, ബാലൻസ് പിടിച്ചെടുക്കൽ എന്നിവ സംബന്ധിച്ച് ഒരു നയം അവതരിപ്പിക്കാനുള്ള അവകാശം MAFIL നുണ്ട്.ഭാവിയിൽ അവതരിപ്പിക്കാൻ പോകുന്ന അത്തരം പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും, സെമിക്ലോസ്ഡ് വാലറ്റിന്റെ "ഉപയോഗത്തിനുള്ള നിബന്ധനകൾ" എന്നതിനു കീഴിൽ കൊടുത്തിരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

## 8. കസ്റ്റമർമാരുടെ ഉത്തരവാദിത്വം

a. ഒരു അസോസിയേറ്റഡ് ടെലികോം പ്രൊവൈഡറുടെയൊപ്പമുള്ള ഇന്റർനെറ്റ് കണക്ഷൻ അല്ലെങ്കിൽ സജീവമായ മൊബൈൽ ഫോൺ ഇവയുടെ ഉപയോഗത്തിനു വിധേയമായിട്ടായിരിക്കും MAKash വാലറ്റിന്റെ ലഭ്യത. മൊബൈൽ ഹാൻഡ്സെറ്റ്, സർവീസ് നടത്താൻ ഉപയോഗിക്കുന്ന ആപ്ലിക്കേഷൻ ഇവയുടെ കാര്യങ്ങൾക്ക് വിധേയമായിട്ടായിരിക്കും MAKash വാലറ്റിന്റെ ലഭ്യത. മൊബൈൽ ഹാൻഡ്സെറ്റ്, ഇന്റർനെറ്റ് സേവന ദാതാവ് ഇവ MAKash വാലറ്റ് ചാനൽ അല്ലെങ്കിൽ ആപ്ലിക്കേഷൻ സപ്പോർട്ട് ചെയ്യാത്തതുകൊണ്ട് സേവനങ്ങൾ ലഭിക്കാതെ പോയാൽ അക്കാര്യത്തിൽ കസ്റ്റമർ ആയിരിക്കും പൂർണ്ണ ഉത്തരവാദി.

b. നിങ്ങളുടെ വാലറ്റിൽ നിന്നും ഇടപാടുകൾ നടത്തുന്നതിനുമുമ്പ് ആവശ്യത്തിന് ഫണ്ടുകൾ ഉണ്ടെന്ന് താങ്കൾ ഉറപ്പുവരുത്തണം.

പാസ്‌വേർഡിന്റെ രഹസ്യസ്വഭാവം, സുരക്ഷിതത്വം, ഭദ്രത എന്നിവയ്ക്ക് താങ്കൾ മാത്രമായിരിക്കും ഉത്തരവാദി. പാസ്‌വേർഡിന്റെ ഒരേയൊരു ഉടമ താങ്കൾ ആയിരിക്കും. അതുകൊണ്ട് പാസ്‌വേർഡ് വെളിപ്പെടുത്തുന്നതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ കൂടാതെ/ അല്ലെങ്കിൽ MAKash വാലറ്റിന്റെ അനധികൃത ഉപയോഗം എന്നിവയ്ക്ക് താങ്കൾ ഉത്തരവാദിയായിരിക്കും. പാസ്‌വേർഡ് കളഞ്ഞുപോയാൽ, താങ്കൾ MAFIL ന്റെ കസ്റ്റമർ കെയർ നമ്പറിൽ വിളിച്ച് വിവരം അറിയിക്കേണ്ടതാണ്. തുടർന്ന് പാസ്‌വേർഡ് തടയപ്പെടുകയും പ്രയോജനക്ഷമതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തിയ ശേഷം പുതിയ പാസ്‌വേർഡ് നൽകുകയും ചെയ്യും. താങ്കളുമായി ബന്ധപ്പെട്ട മൊബൈൽ ഫോൺ/ സിംകാർഡ് നഷ്ടപ്പെട്ടവർ/ കളവുപോയാൽ/ താങ്കളുടെ നിയന്ത്രണത്തിലല്ലാതെ പോയാൽ താങ്കൾ ഉടനടി MAFIL നെ അറിയിക്കേണ്ടതാണ്. അത്തരം വിവരം ലഭിച്ചാലുടൻ MAFIL പ്രസക്തമായ അക്കൗണ്ട് ബ്ലോക്ക് ചെയ്യുന്നതാണ്.

d. നിർദ്ദിഷ്ട മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ ലഭ്യമായ ഉല്പന്നങ്ങൾ/ സേവനങ്ങൾക്ക് വേണ്ടിയുള്ള ഇടപാടുകൾക്ക് മാത്രമേ താങ്കൾക്ക് MAKash വാലറ്റ് ഉപയോഗിക്കാനാകൂ. മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളുടെ ലിസ്റ്റ് www.manappuramdigital.com ൽ ലഭ്യമാണ്. ഇത് MAFIL ന്റെ വിവേചനാധികാരത്തിന് വിധേയമായി മുൻകൂർ അറിയിപ്പ് കൂടാതെ മാറാവുന്നതുമാണ്.

e. മേൽവിലാസത്തിലുണ്ടാകുന്ന മാറ്റം താങ്കൾ MAFIL നെ അറിയിക്കേണ്ടതാണ്. മേൽവിലാസം തെളിയിക്കുന്ന നിർദ്ദിഷ്ട KYC രേഖകളോടൊപ്പമാണ് എഴുതി തയ്യാറാക്കിയ അപേക്ഷ നൽകേണ്ടതാണ്.

f. ബാധകമായ നിയമം, നിയന്ത്രണങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, കോടതിവിധി, MAFIL നയങ്ങൾ, പൊതുനയങ്ങൾ അല്ലെങ്കിൽ MAFIL ന്റെ സൽപേരിന് ദോഷകരമായി ബാധിക്കുന്ന ഏതെങ്കിലും കാര്യങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായതായി വ്യാഖ്യാനിക്കപ്പെടുന്ന കാര്യങ്ങൾക്ക് താങ്കൾ MAKash വാലറ്റ് ഉപയോഗിക്കരുത്.

g. MAKash വാലറ്റ് നിങ്ങളുടെ മൊബൈൽ ഫോൺ നമ്പറുമായി ലിങ്ക് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് നിങ്ങൾ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്ന മൊബൈൽ നമ്പർ നഷ്ടപ്പെടുക/ കളവുപോകുക / ദുരുപയോഗം ചെയ്യപ്പെടുക തുടങ്ങിയവയോ അതത് ടെലികോം സർവീസ് പ്രൊവൈഡർ മൊബൈൽ കണക്ഷൻ വിഛേദിക്കുകയോ ചെയ്യുന്ന പക്ഷം ഉണ്ടാകുന്ന ബാദ്ധ്യതകൾക്ക് താങ്കൾ മാത്രമായിരിക്കും ഉത്തരവാദി.

h. MAKash വാലറ്റ് ലഭിക്കുന്നതിനായി താങ്കൾ നൽകിയ വിവരങ്ങൾ കൂടാതെ/ അഥവാ MAKash വാലറ്റ് ഉപയോഗിക്കുമ്പോൾ നൽകിയ വിവരങ്ങൾ MAKash വാലറ്റിന്റെ കാര്യങ്ങൾ ത്വരിതപ്പെടുത്താനായി MAFIL, മൂന്നാം കക്ഷികളുമായി പങ്കുവയ്ക്കുന്നതാണ്.

I. വിദേശ നാണയ ഇടപാടുകൾക്കായി സേവനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് താങ്കൾ ഉറപ്പുവരുത്തണം. MAKash വാലറ്റുകൾ ഇഷ്യു ചെയ്യുന്നതും അവ പ്രാബല്യത്തിലുള്ളതും ഇന്ത്യയിൽ മാത്രമാണ്, ഇന്ത്യയിലെ മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുകളിൽ മാത്രമേ അത് ഉപയോഗിക്കപ്പെടുകയുള്ളൂ.

j. മേൽപറയുന്നവയിൽ ഒതുങ്ങിനിൽക്കാതെ തന്നെ, MAFILവെബ്സൈറ്റ് (www.manappuramdigital.com) താഴെ പറയുന്ന കാര്യങ്ങൾ പ്രദർശിപ്പിക്കാനോ അപ്ലോഡ് ചെയ്യാനോ പരിഷ്ക്കരിക്കാനോ പബ്ലിഷ് ചെയ്യാനോ വിതരണം ചെയ്യാനോ പ്രചരിപ്പിക്കാനോ അയക്കാനോ അപ്ഡേറ്റ് ചെയ്യാനോ വിവരങ്ങൾ പങ്കുവയ്ക്കാനോ ഉപയോഗിക്കില്ലെന്ന് താങ്കൾ സമ്മതിക്കുന്നു.

1. തികച്ചും ദോഷകരവും ശല്യമുണ്ടാക്കുന്നതും മതനിന്ദയുളവാക്കുന്നതും അപകീർത്തികരവും അശ്ലീലകരവും അശ്ലീല സാഹിത്യപരവും, കുട്ടികളുടെ ലൈംഗികതയെ കാണിക്കുന്നതും, അപവാദകരവും, മറ്റുള്ളവരുടെ സ്വകാര്യതയിൽ കടന്നു കയറുന്നതും, വെറുപ്പുളവാക്കുന്നതും, വംശീയമായി എതിർപ്പുളവാക്കുന്നതും അവമതിക്കുന്നതും, ചൂതുകളിയോ, കള്ളപ്പണം വെളുപ്പിക്കൽ പ്രോത്സാഹിപ്പിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ നിയമവിരുദ്ധമായതോ ആയവ.

2. പേറ്റന്റ്, ട്രേഡ്മാർക്ക്, പകർപ്പവകാശം മറ്റ് ഉടമസ്ഥാവകാശങ്ങൾ എന്നിവ ഭഞ്ജിക്കുന്നത്;

3. മറ്റൊരു വ്യക്തിയുടെ കമ്പ്യൂട്ടറിന്റെ പ്രവർത്തനം, അതിന്റെ വെബ്സൈറ്റുകൾ, ഏതെങ്കിലും സോഫ്റ്റ്വെയർ, അല്ലെങ്കിൽ ഹാർഡ്വെയർ അല്ലെങ്കിൽ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയെ തകരാറിലാക്കുകയോ തകർക്കുകയോ ഏതെങ്കിലും കമ്പ്യൂട്ടർ സ്രോതസ്സിന്റെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുകയോ നശിപ്പിക്കുകയോ തടസ്സം വയ്ക്കുകയോ ചെയ്യുന്നതിനായി രൂപകല്പന ചെയ്യപ്പെട്ട വൈറസുകൾ അടങ്ങിയ കറപ്റ്റുഫയലുകൾ, അല്ലെങ്കിൽ സമാനസ്വഭാവമുള്ള സോഫ്റ്റ്വെയറുകൾ അല്ലെങ്കിൽ പ്രോഗ്രാമുകൾ എന്നിവ.

4. ഏതെങ്കിലും വ്യാവസായിക ഉദ്ദേശ്യത്തിനായി ഏതെങ്കിലും സാധനങ്ങളോ, സേവനങ്ങളോ പരസ്യപ്പെടുത്തുകയോ വിൽക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുക.

5. പ്രൊമോഷൻ സേവനങ്ങൾ, ഉല്പന്നങ്ങൾ, മത്സരങ്ങൾ, പിരമിഡ് സ്കീമുകൾ, സ്പാം, ആവശ്യമില്ലാത്ത പരസ്യം, പ്രൊമോഷനൽ മെറ്റീരിയലുകൾ അല്ലെങ്കിൽ മെയിൻ കത്തുകൾ എന്നീ സ്വഭാവമുള്ളവ;

6. ഏതെങ്കിലും എഴുത്തുകരന്റെ സംഭാവനകൾ, നിയമപരമായതോ മറ്റുതരത്തിലുള്ളതോ ആയ മുന്നറിയിപ്പുകൾ അല്ലെങ്കിൽ ഉടമസ്ഥാവകാശം സ്ഥാനമാനങ്ങൾ അല്ലെങ്കിൽ സോഫ്റ്റ്വെയർ അല്ലെങ്കിൽ മറ്റുള്ളവയുടെ ഉറവിടം കാണിക്കുന്ന ലേബലുകൾ എന്നിവ. തെറ്റായി ചിത്രീകരിക്കുകയോ ഡിലീറ്റ് ചെയ്യുകയോ ചെയ്യുക.

7. നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ ലംഘിക്കുക;

8. നിങ്ങൾക്ക് അധികാരമില്ലാത്ത മറ്റൊരു വ്യക്തിയുടെതാകുക.

9. MAKash ന്റെ വെബ്സൈറ്റുകൾ, സർവറുകൾ അല്ലെങ്കിൽ നെറ്റ്വർക്കുകൾ തുടങ്ങിയവയിൽ ഇടപെടുകയോ തകരാറുണ്ടാക്കുകയോ ചെയ്യുക.

10. മറ്റൊരു വ്യക്തിയായി നടിക്കുക;

11. കുട്ടികൾക്ക് ഏതെങ്കിലും വിധത്തിൽ ദോഷം ചെയ്യുക;

12. വെബ്സൈറ്റിലൂടെ സംപ്രേക്ഷണം ചെയ്യപ്പെടുന്ന ഉള്ളടക്കത്തിന്റെ പ്രഭവസ്ഥാനം മറച്ചുവയ്ക്കാനായി ഹെഡറുകൾ കെട്ടിച്ചമയ്ക്കുകയോ ഐഡന്റിഫയറുകളോ മറ്റ് ഡാറ്റകളോ വളച്ചൊടിക്കുകയോ ചെയ്യുക അല്ലെങ്കിൽ വെബ്സൈറ്റുകളിൽ നിങ്ങളുടെ സാന്നിദ്ധ്യം കാണിക്കാൻ കൃത്രിമപ്പണികൾ ചെയ്യുക.

13. ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുക;

14. ഇന്ത്യയുടെ അഖണ്ഡത, ഒരു പ്രതിരോധം, സുരക്ഷാ പരമാധികാരം,

വിദേശരാജ്യങ്ങളുമായുള്ള സുഹൃത്ബന്ധം, പൊതുനിയമം എന്നിവയ്ക്ക് ഭീഷണിയാകുകയോ മനസ്സിലാക്കാൻ കഴിയും വിധത്തിലുള്ള നിയമലംഘനം വരും വിധം കമ്മീഷന് പ്രേരണ നൽകുക, ഏതെങ്കിലും നിയമലംഘനത്തിന്റെ അന്വേഷണം തടയുക അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തെ അപമാനിക്കുക.

### 9. MAKash വാലറ്റ് റീചാർജ്ജുകൾ

ഞങ്ങൾ ഒരു റീസെല്ലർ മാത്രമാണ്. MAFIL മൊബൈൽ സേവനങ്ങൾ നൽകുന്നില്ല. ഞങ്ങൾ, ടെലികമ്മ്യൂണിക്കേഷൻ സേവനദാതാക്കൾ നൽകുന്ന പ്രീപെയ്ഡ് മൊബൈൽ സർവീസുകളുടെ റീസെല്ലർ അല്ലെങ്കിൽ അത്തരം പ്രീ പെയ്ഡ് റീചാർജ് നൽകുന്നവർ (ടെൽകോ അല്ലെങ്കിൽ ടെൽകോസ് അല്ലെങ്കിൽ 'MNO' അല്ലെങ്കിൽ'MNOs' ) അല്ലെങ്കിൽ മറ്റ് വിതരണക്കാർ അല്ലെങ്കിൽ Telco'യുടെ അഗ്രഗേറ്റർമാർ എന്നിവ മാത്രമാണ്. MAFIL ടെൽക്കോസ് നൽകുന്ന സേവനങ്ങളുടെ വാറണ്ടർ, ഇൻഷ്വറർ, ഗ്യാരണ്ടർ ഇവ ഒന്നുമല്ല. ടെൽകോയുടെ ഏതെങ്കിലും ഉടമ്പടി ലംഘിക്കപ്പെട്ടാൽ ഞങ്ങൾ വിൽക്കുന്ന റീച്ചാർജ്ജിന് ഞങ്ങൾക്കെതിരെ സമീപിക്കാവുന്നതല്ല. ഗുണനിലവാരം, നൽകിയിരിക്കുന്ന മിനുട്ടുകൾ, വില, കാലാവധി തീരൽ, പർച്ചേസ് ചെയ്തിരിക്കുന്ന റീച്ചാർജ്ജിന്റെ വ്യവസ്ഥകൾ ഇവ സംബന്ധിച്ച തർക്കങ്ങൾ ഉണ്ടായാൽ, പർച്ചേസ് ചെയ്ത റീച്ചാർജ്ജ് താങ്കളും (റീച്ചാർജ്ജ് ലഭിക്കുന്നയാൾ) ടെൽകോയും നേരിട്ട് കൈകാര്യം ചെയ്യേണ്ടതാണ്.

### 10. ബിൽ പണമടവുകൾ / പേയ്മെന്റുകൾ

a. സർവീസ് ഉപയോഗിക്കാനായി, താങ്കൾ വേൾഡ് വൈഡ് വെബിനുള്ള ആക്സസ്സ് നേടേണ്ടതായി - ഒന്നുകിൽ നേരിട്ടോ അല്ലെങ്കിൽ വെബ് അധിഷ്ഠിത കണ്ടന്റ് ആക്സസ്സ് ചെയ്യുന്ന ഉപകരണങ്ങളിലൂടെയോ ഇപ്രകാരം ചെയ്യുകയും അത്തരം ആക്സസ്സുമായി ബന്ധപ്പെട്ട ഏതെങ്കിലും സർവീസ് ചാർജ്ജ് അടക്കുകയോ ചെയ്യുക. കൂടാതെ വേൾഡ് വൈഡ് വെബുമായി അത്തരം കണക്ഷൻ ഉണ്ടാക്കുന്നതിന് താങ്കൾക്ക് ആവശ്യമായ എല്ലാ ഉപകരണങ്ങളും ആവശ്യമാണ്. ഒരു കംപ്യൂട്ടർ, മോഡം അല്ലെങ്കിൽ മറ്റ് ആക്സസ്സ് ഉപകരണങ്ങൾ എന്നിവയടക്കം.

b. സേവനങ്ങൾ നേടുന്നതിനായി, MAFIL കൂടാതെ/ അല്ലെങ്കിൽ MAFIL ബിസിനസ്സ് പാർട്ണർക്ക്, ഉപയോക്താവിൽ നിന്നും ഫീസ് ചാർജ്ജ് ചെയ്യുവാനും ഈടാക്കാനുമുള്ള അധികാരമുണ്ട്. MAFIL വെബ് സൈറ്റിൽ സേവനം നൽകപ്പെടുന്നു. MAFIL ബിസിനസ്സ് പാർട്ണർ ചാനലിലോ പോസ്റ്റ് ചെയ്യപ്പെടുന്ന നിമിഷം മുതൽ ഈ ചാർജ്ജുകൾ പ്രാബല്യത്തിൽ വരുന്നതാണ്. ഇത്തരം ചാർജ്ജുകൾ, താങ്കൾക്ക് ബാധകമാണ്. അതിനാൽ താങ്കൾ MAFIL വെബ്സൈറ്റ് സന്ദർശിക്കുകയോ താങ്കൾ സേവനം നേടുന്ന MAFIL ബിസിനസ്സ് പാർട്ണർ ചാനൽ പരിശോധിക്കുകയോ ചെയ്ത് കാലാകാലങ്ങളിലെ നിലവിലുള്ള ഫീസ് പരിശോധിക്കേണ്ടതാണ്. താങ്കൾ അവസാനിപ്പിക്കുകയോ സമർപ്പിച്ച പ്രകാരം പേയ്മെന്റ് നിർദ്ദേശങ്ങളിൽ നിന്നും തിരിച്ചുപോക്ക് ആവശ്യപ്പെടുകയോ ചെയ്യുന്ന പക്ഷം, MAFIL താങ്കളിൽ നിന്നും പണം ഈടാക്കുകയും റെക്കവർ ചെയ്യുകയും ചെയ്യും. തീരുമാനിക്കും പ്രകാരം അത്തരം ചാർജ്ജുകൾ, ബിൽ പേയ്മെന്റ് സേവനത്തിലേക്ക് അടയ്ക്കാൻ താങ്കൾ ബാദ്ധ്യസ്ഥനാണ്. ഇത്തരം ചാർജ്ജുകർ, താങ്കളുടെ ഡെസിഗ്നേറ്റഡ് പേയ്മെന്റ് അക്കൗണ്ടിലേക്ക് ചാർജ്ജ് ചെയ്യപ്പെടുകയോ MAFIL തീരുമാനിക്കും പ്രകാരം മറ്റു രീതികളിൽ ചാർജ്ജുചെയ്യപ്പെടുകയോ ചെയ്യാം.

C. സാധുവായ പേയ്മെന്റ് അക്കൗണ്ട് ഉപയോഗിച്ച് ആവശ്യമുള്ള ബില്ലർമാർക്ക് പേയ്മെന്റുകൾ നടത്താൻ MAFIL, സൗകര്യപ്രദവും ഭദ്രവുമായി വഴിയൊരുക്കുന്നു.

d. താങ്കൾക്ക് സേവനം നൽകുന്ന MAFIL ന്റെ ബിസിനസ്സ് പാർട്ണറെ അനുസരിച്ച്

I. സേവനത്തിന്റെ സവിശേഷ ഫീച്ചറുകൾ വ്യത്യാസപ്പെട്ടേക്കാം.

ii. സേവനത്തിന്മേൽ ലഭ്യമായ ബില്ലർമാരുടെ എണ്ണം വ്യത്യാസപ്പെട്ടേക്കാം.

iii. ഒരു പേയ്മെന്റ് നിർദ്ദേശം ഇഷ്യു ചെയ്യാനായി ഉപയോഗിച്ച് പേയ്മെന്റ് അക്കൗണ്ടുകളുടെ ഇനവും ശ്രേണിയും വ്യത്യസ്തമായേക്കാം.

iv. സേവനങ്ങൾ ആക്സ് ചെയ്യുന്ന രീതികൾ/ ഡിവൈഡുകൾ വ്യത്യസ്തമായേക്കാം.

v. ചാർജ്ജുകൾ , സർവീസ് നേടാനുള്ള ഫീസ് അല്ലെങ്കിൽ സർവീസിന്റെ ഏതെങ്കിലും വശങ്ങൾ ഇവ വ്യത്യാസപ്പെട്ടേക്കാം. ഈ വശങ്ങളുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട വിവരങ്ങൾ MAFIL ബിസിനസ്സ് പാർട്ണർ അല്ലെങ്കിൽ സേവനം ലഭിക്കുന്ന ചാനൽ ഇവയിൽ ലഭ്യമായിരിക്കും.

a. MAFIL ന് കാലാകാലങ്ങളിൽ സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് അത്തരം ബില്ലർമാരുടെ ലിസ്റ്റ് അല്ലെങ്കിൽ ബില്ലർക്ക് പേയ്മെന്റ് നടത്താൻ ഉപയോഗിക്കുന്ന പേയ്മെന്റ് അക്കൗണ്ടുകളുടെ ഇനം ഇവയിൽ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ കിഴിക്കലുകൾ നടത്തുകയോ ചെയ്യാം. ഏതുകാര്യത്തിലായാലും (i) ബില്ലർ സ്പെസിഫിക്കേഷൻ അനുസരിച്ച് പേയ്മെന്റ് നടത്താനുപയോഗിക്കുന്ന പേയ്മെന്റ് അക്കൗണ്ടുകളുടെ ഇനവും ശ്രേണിയും ഓരോ ബില്ലറിന്റെ കാര്യത്തിലും വ്യത്യാസപ്പെടാം (ii) ഒരു ബില്ലറുടെ ചിലതരം പേയ്മെന്റ് അക്കൌണ്ടുകൾ ഉപയോഗിക്കുമ്പോൾ അധിക ഫീസ്/ ചാർജ്ജ് ഉണ്ടായേക്കാം (iii) ബില്ലർക്ക്, പേയ്മെന്റുകൾ നടത്തുമ്പോഴുള്ള വ്യവസ്ഥകൾ, പേയ്മെന്റ് നിർദ്ദേശങ്ങൾ ഇഷ്യു ചെയ്യുന്നതിനായി കാർഡാണോ ബാങ്ക് അക്കൗണ്ട് ആണോ ഉപയോഗിക്കുന്നത് എന്നതിനെ അനുസരിച്ച് മാറും കൂടാതെ, MAFIL വ്യാപാര പങ്കാളി അനുവദിക്കുന്ന പ്രത്യേക സൗകര്യങ്ങളെ ആധാരമാക്കി, ഒരു ബില്ലർക്കുള്ള പേയ്മെന്റുകൾ താഴെ പറയുന്ന രീതികളിൽ ഏതെങ്കിലും പ്രകാരം നടത്താം. (a) ഒരു പേയ്മെന്റ് അക്കൗണ്ടിലെ ഓൺലൈൻ ഡെബിറ്റ്/ ചാർജ്ജിനായി പേയ്മെന്റ് നിർദ്ദേശം നൽകുക അല്ലെങ്കിൽ (b) ഒരു പേയ്മെന്റ് അക്കൗണ്ടിന് ഒരു ഓട്ടോമേറ്റഡ് ഡെബിറ്റ് ഷെഡ്യൂൾ ചെയ്യുക.

## 11. ബിൽ പേയ്മെന്റ് സേവനങ്ങൾ നടത്തുമ്പോൾ, നിങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ സമ്മതിക്കുന്നു.

1. താങ്കളെ പറ്റി ശരിയും കൃത്യവും നിലവിലുള്ളതും പൂർണ്ണമായതും ആയ വിവരങ്ങൾ (രജിസ്ട്രേഷൻ ഡാറ്റ) താങ്കളുടെ പേയ്മെന്റ് അക്കൗണ്ട് വിവരങ്ങൾ പേയ്മെന്റ് ഡാറ്റ) താങ്കളുടെ ബില്ലർ വിവരങ്ങൾ (ബില്ലർ ഡാറ്റ) എന്നിവ നൽകുക.

2. രജിസ്ട്രേഷൻ ഡാറ്റ, പേയ്മെന്റ് ഡാറ്റാ, ബില്ലർ ഡാറ്റ എന്നിവ പരിപാലിക്കുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്ത്, അവ ശരിയും കൃത്യവും നിലവിലുള്ളതും പൂർണ്ണവുമാക്കി സൂക്ഷിക്കുക. താങ്കൾ ശരിയല്ലാത്തതും കൃത്യമല്ലാത്തതും ഇപ്പോൾ

നിലവിലുള്ളതല്ലാത്തതും പൂർണ്ണമല്ലാത്തതുമായ വിവരങ്ങൾ നൽകുകയാണെങ്കിൽ അല്ലെങ്കിൽ അത്തരം വിവരങ്ങൾ ശരിയല്ലാത്തതും കൃത്യമല്ലാത്തതും ഇപ്പോൾ നിലവിലുള്ളതല്ലാത്തതും അപൂർണ്ണവുമാണെങ്കിൽ MAFILന് താങ്കളുടെ അക്കൗണ്ട് സസ്പെൻഡ് ചെയ്യുകയോ ടെർമിനേറ്റ് ചെയ്യുകയോ ഭാവിയിൽ ഉള്ളതോ നിലവിലുള്ളതോ ആയ സർവീസ് ഉപയോഗം (അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം) നിരാകരിക്കുകയോ ചെയ്യാം, ബില്ലർ എന്ന വാക്കിൽ ടേലിക്കോം ഓപ്പറേറ്റർ ഉൾപ്പെടുന്നു.

3. താഴെ പറയുന്നവയിൽ ഒരു സാഹചര്യമോ പല സാഹചര്യങ്ങളോ കാരണം പേയ്മെന്റ് തീയതിയിൽ പേയ്മെന്റ് നിർദ്ദേശം നടപ്പിലാക്കാൻ MAFIL ന് കഴിഞ്ഞില്ലെങ്കിൽ അക്കാര്യത്തിൽ MAFIL ന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതോ ഇക്കാര്യത്തിൽ ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതോ അല്ല.

a. താങ്കൾ ഇഷ്യു ചെയ്ത പേയ്മെന്റ് നിർദ്ദേശം (നിർദ്ദേശങ്ങൾ) അപൂർണ്ണവും കൃത്യമല്ലാത്തതും അസാധുവും വൈകിയതുമാണെങ്കിൽ

b. പേയ്മെന്റ് നിർദ്ദേശത്തിൽ (നിർദ്ദേശങ്ങളിൽ) പറഞ്ഞിരിക്കുന്ന തുക കവർ ചെയ്യാൻ പേയ്മെന്റ് അക്കൗണ്ടിൽ ആവശ്യത്തിന് ഫണ്ട് / ലിമിറ്റഡ് ഇല്ലെങ്കിൽ

c. പേയ്മെന്റ് അക്കൗണ്ടിൽ ലഭ്യമായ ഫണ്ടുകൾ ഏതെങ്കിലും ബാദ്ധ്യത അഥവാ ചാർജ്ജിന് കീഴിലാണെങ്കിൽ

d. താങ്കളുടെ ബാങ്ക് അല്ലെങ്കിൽ NCC പേയ്മെന്റ് നിർദ്ദേശം (ങ്ങൾ) താമസിപ്പിക്കുകയോ നടപ്പാക്കാൻ വിസമ്മതിക്കുകയോ ചെയ്താൽ

e. കിട്ടിയതിനുശേഷവും ബില്ലർ, പേയ്മെന്റ് പ്രോസസ്സ് ചെയ്തില്ലെങ്കിൽ

f. MAFIL ന്റെ നിയന്ത്രണത്തിന് പുറത്തുള്ള സാഹചര്യങ്ങൾ (തീ, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ, ബാങ്ക് പണിമുടക്ക്, വൈദ്യുതി മുടങ്ങൽ, സിസ്റ്റം അല്ലെങ്കിൽ നെറ്റ് തകരാറ്, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ അല്ലെങ്കിൽ ബാഹ്യശക്തികളുടെ ഇടപെടൽ കാരണം കംപ്യൂട്ടർ അല്ലെങ്കിൽ ടെലിഫോൺ ലൈനുകൾക്ക് തകരാറ് പറ്റൽ)

1. ഏതെങ്കിലും കാരണത്താൽ ബിൽ പേയ്മെന്റ് എഫക്ട് ചെയ്യപ്പെടാത്ത പക്ഷം, ഇ-മെയിൽ വഴിയും sms വഴിയും പേയ്മെന്റ് ഫെയിൽ ആയ കാര്യം താങ്കളെ അറിയിക്കും.

2. ഇതിനു വിപരീതമായി എന്തെങ്കിലും ഉണ്ടെന്നുവരികിലും ഏതുതരം കാരണത്തിന്മേലായാലും ഏതുതരം പ്രവൃത്തിയാണെന്നാകിലും നിങ്ങളോടുള്ള ഞങ്ങളുടെ മൊത്തം ബാദ്ധ്യത (ശ്രദ്ധക്കുറവ്) മറ്റ് നിയമലംഘനം, ഉടനടി ലംഘനം, നിയമലംഘനം, തെറ്റിദ്ധരിപ്പിക്കൽ അല്ലെങ്കിൽ മറ്റുകാരണങ്ങൾ ഇവകൊണ്ട് ഉണ്ടാകുന്ന ബാദ്ധ്യത. സേവനങ്ങളുടെ ഒരു ഭാഗമോ സൈറ്റോ ഉപയോഗിക്കുന്നതിനായി നിങ്ങൾ അടച്ച തുകയുടേ പരിധിയിലോ അല്ലെങ്കിൽ അയ്യായിരം രൂപയോ (രൂ. 5000), ഏതാണോ കുറവ് അതായിരിക്കും

**12. സൈറ്റിന്റെ ഉപയോഗം**

MAFIL വിതരണം ചെയ്യുന്നതായി വ്യക്തമായി കാണിച്ചിരിക്കുന്ന വിവരങ്ങൾ, ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവയൊഴിച്ച്, ഞങ്ങൾ യാതൊരു തരത്തിലും യാതൊരു വിധ വിവരങ്ങളും ഉല്പന്നങ്ങളോ സേവനങ്ങളോ ഇന്റർനെറ്റിൽ പ്രവർത്തിപ്പിക്കുകയോ നിയന്ത്രിക്കുകയോ ശുപാർശചെയ്യുകയോ ചെയ്യുന്നില്ല. സൈറ്റിലൂടെ ഡൗൺലോഡിംഗിന് ലഭ്യമാകുന്ന ഫയലുകൾ വൈറസുകൾ, വേവുകൾ, തകരാറുണ്ടാക്കുന്ന മറ്റ് കോഡുകൾ എന്നിവ ഇല്ലാത്തതാണെന്ന് ഉറപ്പുനൽകാൻ MAFIL ന് കഴിയുകയില്ലെന്നും MAFIL അപ്രകാരം ചെയ്യുന്നില്ലെന്നും താങ്കൾക്കറിയാം. താങ്കളുടേ നിർദ്ദിഷ്ട ആവശ്യങ്ങൾ നിറവേറ്റാനും ഡാറ്റാ ഇൻപുട്ടിന്റെയും ഔട്ട് പുട്ടിന്റെയും കൃത്യതയും നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ചെയ്യേണ്ടത് താങ്കളുടെ ഉത്തരവാദിത്വമാണ്.

**13. നിരോധിക്കപ്പെട്ട പെരുമാറ്റം**

സേവനങ്ങൾ ഉപയോഗിക്കുക വഴി താങ്കൾ താഴെപറയുന്നവ ചെയ്യുകയില്ലെന്ന് സമ്മതിക്കുന്നു:

1. ടെലികോസിന്റെ റീചാർജ്ജ് പർച്ചേസ് ചെയ്യുക, കൂടാതെ / അല്ലെങ്കിൽ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി സേവനങ്ങൾ ആക്സസ് ചെയ്യുക, MAFIL ഓഫർ ചെയ്യുന്ന സേവനങ്ങൾ അതേപടി ആക്സസ് ചെയ്യുക എന്നിവയല്ലാതെ മറ്റു സേവനങ്ങൾക്കായി ഉപയോഗിക്കുക.

2. ഏതെങ്കിലും വ്യക്തിയോ അസ്തിത്വമോ ആയി വേഷപ്പകർച്ച നടത്തുക, ഏതെങ്കിലും വ്യക്തികൾ അഥവാ അസ്തിത്വവുമായി ബന്ധമുണ്ടെന്ന് തെറ്റായ വിവരം നൽകുക, മറ്റുള്ളവരുടെ സമ്മതമില്ലാതെ അക്കൗണ്ട് ആക്സസ് ചെയ്യുക, മറ്റുള്ളാവരുടെ ഡിജിറ്റൽ ഒപ്പ് വ്യാജമായി തയ്യാറാക്കുക, സ്രോതസ്സുകൾ, അസ്തിത്വം സേവനങ്ങൾ വഴി പ്രചരിപ്പിച്ച വിവരം ഇവയെക്കുറിച്ച് തെറ്റായവിവരം നൽകുക, മറ്റേതെങ്കിലും വ്യാജപ്രവൃത്തി നടത്തുകയോ അല്ലെങ്കിൽ വ്യാജഫണ്ടാണ് എന്ന് നാം ന്യായമായും വിശ്വസിക്കുന്ന ഫണ്ടുകൊണ്ട് റീചാർജ്ജ് പർച്ചേസ് ചെയ്യൽ.
3. നമ്മുടെ അല്ലെങ്കിൽ മൂന്നാം കക്ഷിയുടെ ബൗദ്ധിക സ്വത്തവകാശം, പബ്ലിസിറ്റിക്ക് അല്ലെങ്കിൽ സ്വകാര്യതക്കുള്ള അവകാശം എന്നിവ ലംഘിക്കുക.

4. താങ്കൾ പതിനെട്ട് (18) വയസ്സിനു താഴെയുള്ള വ്യക്തിയാണെങ്കിൽ രക്ഷിതാക്കളുടെ സ്പോൺസർ ഇല്ലാതെ സേവനങ്ങൾ ഉപയോഗിക്കൽ അല്ലെങ്കിൽ താങ്കൾ പതിമൂന്ന് (13) വയസ്സുള്ള വ്യക്തിയാണെങ്കിൽ നിലവിലുള്ള നിയമ പ്രകാരം പേരന്റൽ സ്പോൺസർ ഉണ്ടെങ്കിൽ പോലും സേവനങ്ങൾ ഉപയോഗിക്കൽ.

5. അപവാദം പരത്തുന്നതോ അപകീർത്തികരമോ ഏതെങ്കിലും വ്യക്തിയുടെ സ്വകാര്യ, വ്യക്തി കാര്യങ്ങൾ വെളിപ്പെടുത്തുന്ന സന്ദേശങ്ങൾ പോസ്റ്റ് ചെയ്യുകയോ പ്രചരിപ്പിക്കുകയോ ചെയ്യുക.

6. അശ്ലീലകരമായ സന്ദേശങ്ങൾ, ഡാറ്റ, ചിത്രങ്ങൾ അല്ലെങ്കിൽ പ്രോഗ്രാം എന്നിവ പോസ്റ്റ് ചെയ്യുകയോ പ്രചരിപ്പിക്കുകയോ ചെയ്യുക.

7. ഒരു അന്വേഷണത്തിൽ സഹകരിക്കാൻ വിസമ്മതിക്കുകയോ താങ്കളുടെ സ്വത്വം / ഐഡന്റിറ്റി തെളിയിക്കുകയോ അല്ലെങ്കിൽ MAFIL ന് നിങ്ങൾ നൽകുന്ന മറ്റേതെങ്കിലും വിവരമോ

8. സൈറ്റ്, സേവനങ്ങൾ എന്നിവയുടെയും അല്ലെങ്കിൽ സേവനങ്ങളുടെ മേൽ പരിധി കല്പിക്കുന്ന സവിശേഷതകളുടെയും സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട സവിശേഷതകൾ നീക്കം ചെയ്യുകയോ ഒഴിവാക്കുകയോ, പ്രവർത്തന രഹിതമാക്കുകയോ കേടുവരുത്തുകയോ മറ്റുതരത്തിൽ ഇടപെടുകയോ ചെയ്യുക.

9. സേവനങ്ങളുടെയോ അതിന്റെ ഭാഗത്തിന്റെയോ സോഴ്സ് കോഡ് കണ്ടുപിടിക്കാൻ ശ്രമിക്കുകയോ

MAFIL വിതരണം ചെയ്യുന്നതായി വ്യക്തമായി കാണിച്ചിരിക്കുന്ന വിവരങ്ങൾ, ഉല്പന്നങ്ങൾ, സേവനങ്ങൾ എന്നിവയൊഴിച്ച്, ഞങ്ങൾ യാതൊരു തരത്തിലും യാതൊരു വിധ വിവരങ്ങളും ഉല്പന്നങ്ങളോ സേവനങ്ങളോ ഇന്റർനെറ്റിൽ പ്രവർത്തിപ്പിക്കുകയോ നിയന്ത്രിക്കുകയോ ശുപാർശചെയ്യുകയോ ചെയ്യുന്നില്ല. സൈറ്റിലൂടെ ഡൗൺലോഡിംഗിന് ലഭ്യമാകുന്ന ഫയലുകൾ വൈറസുകൾ, വേവുകൾ, തകരാറുണ്ടാക്കുന്ന മറ്റ് കോഡുകൾ എന്നിവ ഇല്ലാത്തതാണെന്ന് ഉറപ്പുനൽകാൻ MAFIL ന് കഴിയുകയില്ലെന്നും MAFIL അപ്രകാരം ചെയ്യുന്നില്ലെന്നും താങ്കൾക്കറിയാം. താങ്കളുടേ നിർദ്ദിഷ്ട ആവശ്യങ്ങൾ നിറവേറ്റാനും ഡാറ്റാ ഇൻപുട്ടിന്റെയും ഔട്ട് പുട്ടിന്റെയും കൃത്യതയും നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ ചെയ്യേണ്ടത് താങ്കളുടെ ഉത്തരവാദിത്വമാണ്.

**13. നിരോധിക്കപ്പെട്ട പെരുമാറ്റം**
സേവനങ്ങൾ ഉപയോഗിക്കുക വഴി താങ്കൾ താഴെപറയുന്നവ ചെയ്യുകയില്ലെന്ന് സമ്മതിക്കുന്നു:

1. ടെലികോമിന്റെ റീചാർജ്ജ് പർച്ചേസ് ചെയ്യുക, കൂടാതെ / അല്ലെങ്കിൽ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി സേവനങ്ങൾ ആക്സസ് ചെയ്യുക, MAFIL ഓഫർ ചെയ്യുന്ന സേവനങ്ങൾ അതേപടി ആക്സസ് ചെയ്യുക എന്നിവയല്ലാതെ മറ്റു സേവനങ്ങൾക്കായി ഉപയോഗിക്കുക.

2. ഏതെങ്കിലും വ്യക്തിയോ അസ്തിത്വമോ ആയി വേഷപ്പകർച്ച നടത്തുക, ഏതെങ്കിലും വ്യക്തികൾ അഥവാ അസ്തിത്വവുമായി ബന്ധമുണ്ടെന്ന് തെറ്റായ വിവരം നൽകുക, മറ്റുള്ളവരുടെ സമ്മതമില്ലാതെ അക്കൗണ്ട് ആക്സസ് ചെയ്യുക, മറ്റുള്ളാവരുടെ ഡിജിറ്റൽ ഒപ്പ് വ്യാജമായി തയ്യാറാക്കുക, സ്രോതസ്സുകൾ, അസ്തിത്വം സേവനങ്ങൾ വഴി പ്രചരിപ്പിച്ച വിവരം ഇവയെക്കുറിച്ച് തെറ്റായവിവരം നൽകുക, മറ്റേതെങ്കിലും വ്യാജപ്രവൃത്തി നടത്തുകയോ അല്ലെങ്കിൽ വ്യാജഫണ്ടാണ് എന്ന് നാം ന്യായമായും വിശ്വസിക്കുന്ന ഫണ്ടുകൊണ്ട് റീചാർജ്ജ് പർച്ചേസ് ചെയ്യൽ.
3. നമ്മുടെ അല്ലെങ്കിൽ മൂന്നാം കക്ഷിയുടെ ബൗദ്ധിക സ്വത്തവകാശം, പബ്ലിസിറ്റിക്ക് അല്ലെങ്കിൽ സ്വകാര്യതക്കുള്ള അവകാശം എന്നിവ ലംഘിക്കുക.

4. താങ്കൾ പതിനെട്ട് (18) വയസ്സിനു താഴെയുള്ള വ്യക്തിയാണെങ്കിൽ രക്ഷിതാക്കളുടെ സ്പോൺസർ ഇല്ലാതെ സേവനങ്ങൾ ഉപയോഗിക്കൽ അല്ലെങ്കിൽ താങ്കൾ പതിമൂന്ന് (13) വയസ്സുള്ള വ്യക്തിയാണെങ്കിൽ നിലവിലുള്ള നിയമ പ്രകാരം പേരന്റൽ സ്പോൺസർ ഉണ്ടെങ്കിൽ പോലും സേവനങ്ങൾ ഉപയോഗിക്കൽ.

5. അപവാദം പരത്തുന്നതോ അപകീർത്തികരമോ ഏതെങ്കിലും വ്യക്തിയുടെ സ്വകാര്യ, വ്യക്തി കാര്യങ്ങൾ വെളിപ്പെടുത്തുന്ന സന്ദേശങ്ങൾ പോസ്റ്റ് ചെയ്യുകയോ പ്രചരിപ്പിക്കുകയോ ചെയ്യുക.

6. അശ്ലീലകരമായ സന്ദേശങ്ങൾ, ഡാറ്റ, ചിത്രങ്ങൾ അല്ലെങ്കിൽ പ്രോഗ്രാം എന്നിവ പോസ്റ്റ് ചെയ്യുകയോ പ്രചരിപ്പിക്കുകയോ ചെയ്യുക.

7. ഒരു അന്വേഷണത്തിൽ സഹകരിക്കാൻ വിസമ്മതിക്കുകയോ താങ്കളുടെ സ്വത്വം / ഐഡന്റിറ്റി തെളിയിക്കുകയോ അല്ലെങ്കിൽ MAFIL ന് നിങ്ങൾ നൽകുന്ന മറ്റേതെങ്കിലും വിവരമോ

8. സൈറ്റ്, സേവനങ്ങൾ എന്നിവയുടെയും അല്ലെങ്കിൽ സേവനങ്ങളുടെ മേൽ പരിധി കല്പിക്കുന്ന സവിശേഷതകളുടെയും സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട സവിശേഷതകൾ നീക്കം ചെയ്യുകയോ ഒഴിവാക്കുകയോ, പ്രവർത്തന രഹിതമാക്കുകയോ കേടുവരുത്തുകയോ മറ്റുതരത്തിൽ ഇടപെടുകയോ ചെയ്യുക.

9. സേവനങ്ങളുടെയോ അതിന്റെ ഭാഗത്തിന്റെയോ സോഴ്സ് കോഡ് കണ്ടുപിടിക്കാൻ ശ്രമിക്കുകയോ

അവയെ വിഘടിപ്പിക്കുകയോ വിയോജിപ്പിക്കുകയോ ചെയ്യുക. ഈ പരിധികൾ ഇല്ലാതെ തന്നെ അത്തരം നിരോധനങ്ങൾ, ബാധകമായ നിയമപ്രകാരം നിരോധിക്കപ്പെട്ടതാണ്.

10. സേവനങ്ങൾക്ക് തകരാറ്, പ്രവർത്തന രാഹിത്യം, അമിതഭാരം, തടസ്സം എന്നിവയുണ്ടാകും വിധം അവ ഉപയോഗിക്കുക. കൂടാതെ സേവനങ്ങൾ ഓട്ടോമേറ്റഡ് രീതിയിൽ ഉപയോഗിക്കുക എന്നതുകൂടി ഉൾപ്പെടുന്നു, എന്നാൽ ഇതിലും ഒതുങ്ങുന്നില്ല.

11. സേവനങ്ങളുടെയും സൈറ്റിന്റെയും അല്ലെങ്കിൽ അവയുടെ ഏതെങ്കിലും ഒരു ഭാഗത്ത് മാറ്റം വരുത്തുകയോ, ഒത്തുപോകാനുള്ള മാറ്റങ്ങൾ വരുത്തുകയോ തർജമ ചെയ്യുകയോ വ്യുൽപന്നമായവ നിർമ്മിക്കുകയോ ചെയ്യുക, ഈ പരിധികൾ ഇല്ലാതെ തന്നെ അത്തരം നിരോധനങ്ങൾ, ബാധകമായ നിയമപ്രകാരം നിരോധിക്കപ്പെട്ടതാണ്.

12. ബോധപൂർവ്വം സേവനങ്ങളെ അല്ലെങ്കിൽ മറ്റ് ഉപയോക്താക്കളുടെ ആസ്വാദനത്തെ തടസ്സപ്പെടുത്തുക, വൈറസുകൾ, ആഡ്‌വെയർ, സ്പൈവെയർ, വേർമുകൾ, വിനാശകാരിയായ ഫീച്ചറുകളുള്ള ഫയലുകൾ, ദോഷകാരിയായ കോഡുകൾ എന്നിവ അടക്കമുള്ളവ ഉപയോഗിച്ചുകൊണ്ട്.

13. മുൻകൂട്ടി എഴുതി നൽകിയ അനുവാദമില്ലാതെ ഒരു റോബർട്ട്, സ്പൈഡർ മറ്റ് ഓട്ടോമാറ്റിക്ക് ഉപകരണങ്ങൾ അല്ലെങ്കിൽ മാന്വൽ പ്രക്രിയകൾ ഉപയോഗിച്ച് സൈറ്റ് നിരീക്ഷിക്കുകയോ കോപ്പി ചെയ്യുകയോ ചെയ്യുക.

14. ഈ സൈറ്റിനെയോ സൈറ്റുമായി കണക്റ്റ് ചെയ്ത നെറ്റ്‌വർക്കുകളെയോ തടസ്സപ്പെടുത്തുക.

15. ഞങ്ങളുടെ ഇൻഫ്രാസ്ട്രക്ചർ/ നെറ്റ് വർക്കിന് താങ്ങാൻ കഴിയാത്ത വിധത്തിൽ ലോഡ് വരത്തക്കവിധത്തിലുള്ള ഏതെങ്കിലും പ്രവർത്തനം നടത്തുക.

16. സൈറ്റിൽ റോബർട്ട് എക്സ്ക്ല്യൂഷൻ ഹെഡറുകൾ ബൈപ്പാസ് ചെയ്യാനായി ഏതെങ്കിലും ഡിവൈസുകളോ സോഫ്റ്റ്‌വെയറോ റൂടീനോ ഉപയോഗിക്കുക അല്ലെങ്കിൽ സേവനങ്ങൾ തടസ്സപ്പെടുത്തുകയോ തടസ്സപ്പെടുത്താൻ ശ്രമിക്കുകയോ ചെയ്യുക.

17. ഞങ്ങളുടെ സൈറ്റിലൂടെ പ്രചരിച്ച ഏതെങ്കിലും വിഷയത്തിന്റെ ഉത്ഭവം ഒളിച്ചുവയ്ക്കാനായി ഹെഡറുകൾ വ്യാജമായിനിർമ്മിക്കുക അല്ലെങ്കിൽ ഐഡിന്റിഫയറുകളാലോ മറ്റ് ഡാറ്റയിലോ കൃത്രിമം കാണിക്കുക അല്ലെങ്കിൽ ഞങ്ങളുടെ സൈറ്റിലെ നിങ്ങളുടെ സാന്നിദ്ധ്യത്തിൽ കൃത്രിമം കാണിക്കുക.

18. ഇതുമായി ബന്ധപ്പെട്ടതോ അതിൽ നിന്ന് ഉരുത്തിഞ്ഞതുമായോ ആയ സേവനങ്ങൾ, വിവരങ്ങൾ സോഫ്റ്റ്‌വെയർ എന്നിവ വിൽക്കുക.

19. ഈ സൈറ്റിന്റെ സൗകര്യങ്ങളും സാദ്ധ്യതകളും ഉപയാഗപ്പെടുത്തി ഏതെങ്കിലും നിയമവിരുദ്ധ പ്രവൃത്തി അല്ലെങ്കിൽ മറ്റുള്ളവരുടെ അവകാശങ്ങളെ ഭഞ്ജിക്കുന്ന പ്രവർത്തനങ്ങൾ നടത്തുക.

20. ഈ ഉടമ്പടിയോ മറ്റേതെങ്കിലും MAFIL ഉടമ്പടിയോ നയമോ ലംഘിക്കുക.

21. തെറ്റായതോ കൃത്യമല്ലാത്തതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയ വിവരങ്ങൾ നൽകുക.

22. സൈറ്റ് ഉപയോഗിക്കുന്ന മറ്റ് വ്യക്തികളുടെ സാമ്പത്തികമായ വിവരങ്ങൾ ഉൾപ്പെടെയുള്ള വ്യക്തിപരമായ വിവരങ്ങൾ, ഇതിൽ മാത്രം ഒതുങ്ങിനിൽക്കുന്നില്ല, നേടാനായി സൈറ്റ് ഉപയോഗിക്കുക.

23. സംഭവ്യമായി തട്ടിപ്പ്ഫണ്ട് എന്ന് MAFIL ന്യായമായും കരുതുന്ന ഫണ്ട് ഉപയോഗിച്ച് റീച്ചാർജ്ജ് പർച്ചേസ് ചെയ്യുക.

24. MAFIL, ഒരു മൂന്നാം കക്ഷി അല്ലെങ്കിൽ താങ്കൾ എന്നിവരുടെമേൽ പരാതികൾ, തർക്കങ്ങൾ,

റിമേഴ്സലുകൾ, ചാർജ്ജ് ബാക്കുകൾ, ഫീസ്, ഫൈനുകൾ, പിഴകൾ എന്നിവ വരുത്തിവയ്ക്കുകയോ ഭാവിയിൽ വരാവുന്ന വിധത്തിലോ സേവനങ്ങൾ ഉപയോഗിക്കുക.

25. MAFIL അല്ലെങ്കിൽ ഏതെങ്കിലും പേയ്മെന്റ് കാർഡ് നെറ്റ്വർക്ക്, പേയ്മെന്റ് കാർഡ് നെറ്റ്വർക്ക്, പേയ്മെന്റ് കാർഡ് സിസ്റ്റത്തിന്റെ ദുരുപയോഗം അല്ലെങ്കിൽ പേയ്മെന്റ് കാർഡ് നെറ്റ്വർക്ക് റൂളുകളുടെ ലംഘനം എന്ന് കരുതുന്ന വിധത്തിൽ സേവനങ്ങൾ ഉപയോഗിക്കുക.

26. MAFIL ന്റെ സേവനദാതാക്കളിൽ നിന്നോ ടെലികോംസിൽനിന്നോ പേയ്മെന്റ് പ്രോസസ്സർമാരിൽ നിന്നോ മറ്റ് സപ്ലയർമാരിൽ നിന്നോ ഉള്ള ഏതെങ്കിലും തരത്തിലുള്ള സേവനം നഷ്ടമാകും വിധം ഉള്ള പ്രവൃത്തികളിൽ ഏർപ്പെടുക.

27. MAFIL ൽ നിന്നും മുൻകൂട്ടി സമ്മതം വാങ്ങാത്ത ഏതെങ്കിലും തരത്തിലുള്ള ഓട്ടോമേറ്റഡ് അപേക്ഷകൾ സൈറ്റിന്റെ സിസ്റ്റത്തിലേക്കയക്കുക.

**14. റീഫണ്ട് നയങ്ങൾ**

റീച്ചാർജ് വില്പന എല്ലാം അന്തിമമായിരിക്കും. റീഫണ്ടോ കൈമാറ്റമോ അനുവദിക്കുന്നതല്ല. നിങ്ങൾ റീച്ചാർജ് പർച്ചേസ് ചെയ്യുന്ന DTH അക്കൗണ്ട് നമ്പർ അല്ലെങ്കിൽ മൊബൈൽ നമ്പർ ഇവയ്ക്ക് നിങ്ങൾ തന്നെ ഉത്തരവാദിയായിരിക്കും. തെറ്റായ മൊബൈൽ നമ്പർ അല്ലെങ്കിൽ DTH അക്കൗണ്ട് നമ്പർ ഇവയിലേക്ക് പർച്ചേസ് ചെയ്യുന്ന റീച്ചാർജ് MAFIL ഉത്തരവാദിയായിരിക്കുകയില്ല. പക്ഷെ, താങ്കൾ സൈറ്റിൽ നടത്തിയ ഒരു ഇടപാടിൽ, പണം താങ്കളുടെ കാർഡിൽ അഥവാ ബാങ്ക് അക്കൗണ്ടിലേക്ക് ചാർജ് ചെയ്യപ്പെടുകയും ഇടപാട് നടന്ന് 24 മണിക്കൂറിനുള്ളിൽ റീച്ചാർജ് ഡെലിവർ ചെയ്യപ്പെടാതെയുമിരുന്നാൽ, ഞങ്ങളുടെ കോൺടാക്ട് അസ് പേജിൽ കൊടുത്തിരിക്കുന്ന ഞങ്ങളുടെ കസ്റ്റമർ സർവീസ് ഇ-മെയിൽ വിലാസത്തിൽ ഞങ്ങൾക്ക് ഇ-മെയിൽ അയച്ച് വിവരം അറിയിക്കാം ഇ-മെയിലിൽ താഴെ പറഞ്ഞിരിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്താം - മൊബൈൽ നമ്പർ (DTH അക്കൗണ്ട് നമ്പർ) ഓപ്പറേറ്ററുടെ പേര്, റീച്ചാർജ് മൂല്യം, ഇടപാട് നടന്ന തീയതി, ഓർഡർ നമ്പർ. MAFIL ഈ സംഭവത്തിൽ അന്വേഷണം നടത്തുകയും നിങ്ങളുടെ കാർഡിലേക്ക് അക്കൗണ്ടിലേക്ക് യഥാർത്ഥത്തിൽ പണം ചാർജ് ചെയ്യപ്പെട്ടുവെന്നും റീച്ചാർജ് ഡെലിവറി നടന്നിട്ടില്ല എന്നും കണ്ടാൽ നിങ്ങളുടെ ഇ-മെയിൽ ലഭിച്ച് 21 പ്രവൃത്തിദിനങ്ങൾക്കുള്ളിൽ നിങ്ങൾക്ക് പണം റീഫണ്ട് ആയി ലഭിക്കും. എല്ലാ റീഫണ്ടുകളും നിങ്ങളുടെ സെമി ക്ലോസ്ഡ് MAKash വാലറ്റിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും. നിങ്ങളുടെ വോളിറ്റിലുള്ള പണം തിരിച്ച് സ്രോതസ്സിലേക്ക് ട്രാൻസ്ഫർ ചെയ്യാനായി നിങ്ങളുടെ MAKash വാലറ്റിൽ നിങ്ങൾക്ക് ഒരു അപേക്ഷ ട്രിഗർ ചെയ്യാം. ബാങ്കിന്റെ നയങ്ങൾ അനുസരിച്ച് പണം നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ കാണിക്കാൻ 3-21 ദിവസം എടുക്കും.

**15. അവസാനിപ്പിക്കൽ ; ഉടമ്പടി ലംഘനങ്ങൾ**

MAFIL, അതിന്റെ സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് ഏതെങ്കിലും കാരണം കൊണ്ടോ അല്ലാതെയോ പിഴ കൂടാതെതന്നെ താങ്കളുടെ അക്കൗണ്ട് (അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം) സസ്പെൻഡ് ചെയ്യുകയോ ടെർമിനേറ്റ് ചെയ്യുകയോ ചെയ്യാം എന്ന് താങ്കൾ സമ്മതിക്കുന്നു അല്ലെങ്കിൽ താങ്കൾ സർവീസ് ഉപയോഗിക്കുന്നത് സസ്പെൻഡ് ചെയ്യുകയോ ടെർമിനേറ്റ് ചെയ്യുകയും താങ്കളുടെ അക്കൗണ്ടിന്റെ ഏതെങ്കിലും ഭാഗമോ മുഴുവനായി തന്നെയോ, താങ്കളുടെ യൂസർ പ്രൊഫൈൽ, താങ്കളുടെ റിസിപിയന്റ് പ്രൊഫൈൽ എന്നിവ ഏത് സമയത്തും നീക്കം ചെയ്യുകയോ ഒഴിവാക്കുകയോ ചെയ്യപ്പെടാം എന്നും താങ്കൾ സമ്മതിക്കുന്നു. MAFIL സ്വന്തം വിവേചനാധികാരപ്രകാരം, ഏതുസമയത്തും സേവനം മുഴുവനായോ അതിന്റെ ഒരു ഭാഗമോ മുൻകൂർ അറിയിപ്പോട് കൂടിയോ അല്ലാതെയോ നിറുത്തിവയ്ക്കാം. യാതൊരു മുൻകൂർ അറിയിപ്പും ഇല്ലാതെ തന്നെ താങ്കളുടെ സർവീസ് ആക്സസ് അല്ലെങ്കിൽ താങ്കളുടെ അക്കൗണ്ട് അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം എന്നിവ ടെർമിനേറ്റ് ചെയ്യുന്നതിന് താങ്കൾ സമ്മതിക്കുന്നു. കൂടാതെ അത്തരം ടെർമിനേറ്റിൽ MAFIL ന് താങ്കളോടോ മൂന്നാം കക്ഷിയോടൊ ബാധ്യത ഉണ്ടായിരിക്കുന്നതല്ല. സംശയകരമായി ഏതെങ്കിലും തരത്തിലുള്ള വഞ്ചന ദുരുപയോഗം, നിയമത്തിനെതിരായ പ്രവർത്തനം എന്നിവകാണുന്നപക്ഷം,

അവ, നിയമം നടപ്പിലാക്കുന്ന ഉചിതമായി അധികാരികളെ അറിയിക്കാവുന്നതാണ്. ഏതെങ്കിലും കാരണത്താൽ MAFIL ടെർമിനേഷൻ നടത്തുകയാണെങ്കിൽ സേവനങ്ങൾ ഉപയോഗിക്കുന്നത് ഉടനടി നിർത്തുമെന്ന് താങ്കൾ സമ്മതിക്കുന്നു.

## 16. ബാദ്ധ്യത, കേടുപാടുകൾ എന്നിവയുടെ പരിമിതികൾ

a. MAFIL, അതിന്റെ, കോൺട്രാക്ടർമാർ, ഏജന്റുമാർ, ലൈസൻസർമാർ, പാർട്ണർമാർ എന്നിവർക്ക് യാതൊരു സാഹചര്യത്തിലും താങ്കൾക്ക് പ്രത്യേക, പരോക്ഷമായ, പൊടുന്നനെയുള്ള എന്തിന്റെയെങ്കിലും പരിണതഫലമായുണ്ടാകുന്ന, ശിക്ഷാർഹമായ, വിശ്വാസ്യത അനുകരണീയത എന്നിവയ്ക്ക് തകരാറുണ്ടാക്കുന്ന (ഇവയിൽ നഷ്ടപ്പെട്ടുപോയ ബിസിനസ്സ് അവസരങ്ങൾ, നഷ്ടപ്പെട്ടവരുമാനം, പ്രതീക്ഷിച്ചിരുന്ന ലാഭത്തിൽ വരുന്ന നഷ്ടം, ഏതെങ്കിലും തരത്തിലുള്ള സാമ്പത്തികമോ അല്ലാതെയോ ഉള്ള നഷ്ടം അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള തകരാറ് എന്നിവയും ഇതിൻ പരിധിയിൽ പെടാത്തതും ഉൾപ്പെടെ) തും ഇനിപറയുന്ന കാര്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതോ അവയുമായി ബന്ധപ്പെട്ടതോ ആയ കാര്യങ്ങളിന്മേൽ നിങ്ങളോട് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കില്ല (I) ഈ ഉടമ്പടി സേവനങ്ങൾ, (ii) സൈറ്റ് അല്ലെങ്കിൽ ഏതെങ്കിലും റെഫറൻസ് സൈറ്റ് അല്ലെങ്കിൽ (iii) സേവനങ്ങൾ, സൈറ്റ് (ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാ കാര്യങ്ങളുമോ) അല്ലെങ്കിൽ ഏതെങ്കിലും റെഫറൻസ് സൈറ്റുകൾ എന്നിവയുടെ ഉപയോഗമോ അല്ലെങ്കിൽ ഉപയോഗിക്കാൻ ആകാതെ വരുന്നതോ (MAFILഅല്ലെങ്കിൽ MAFILഅംഗീകൃത പ്രതിനിധികൾക്ക് അത്തരം തകരാറുകളുണ്ടാകാനുള്ള സാദ്ധ്യതകളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ പോലും)

b. ഇതിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമാണെങ്കിലും യാതൊരു കാരണവശാലും MAFIL അല്ലെങ്കിൽ അതിന്റെ കോൺട്രാക്ടർമാർ, ഡയറക്ടർമാർ, ജോലിക്കാർ അല്ലെങ്കിൽ ഏജന്റുമാർ എന്നിവർ താഴെ പറയുന്ന കാര്യങ്ങൾമൂലം വരുന്നതോ അവയുമായി ബന്ധപ്പെട്ടതോ ആയ തകരാറുകൾ, ബാദ്ധ്യതകൾ, നഷ്ടങ്ങൾ എന്നിവക്ക് താങ്കളോട് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല. (I) ഈ ഉടമ്പടി (ii) സേവനങ്ങൾ, സൈറ്റ് (ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാ മെറ്റീരിയലുകളുമോ അല്ലെങ്കിൽ ഏതെങ്കിലും റെഫറൻസ് സൈറ്റ് നിങ്ങൾ ഉപയോഗിക്കുന്നതോ അല്ലെങ്കിൽ ഉപയോഗിക്കാൻ കഴിയാത്തതോ അല്ലെങ്കിൽ Makash മായുള്ള മറ്റെന്തിലും ഇടപെടലുകൾ വന്നുചേർന്നാൽ അവ ഉടമ്പടിയിൽ ഉണ്ടെങ്കിലും ശ്രദ്ധക്കുറവ് കാരണം വരുന്ന നിയമലംഘനം, വാറണ്ടി ഉണ്ടായിരിക്കുക അല്ലെങ്കിൽ ഇല്ലാതിരിക്കുക എന്നിവ, പ്രവൃത്തിക്ക് കാരണമായ സേവനത്തിന്റെ ഭാഗം അല്ലെങ്കിൽ സൈറ്റ് ഉപയോഗത്തിന് താങ്കൾ അടച്ച തുക കൂടുതലായി വരിക അല്ലെങ്കിൽ അയ്യായിരം രൂപ (5000) ഏതാണോ കുറവ് അത്.

c. MAFIL അതിന്റെ ഉല്പന്നം സേവനങ്ങളും നിങ്ങൾക്ക് തരുന്നതും വില നിശ്ചയിക്കുന്നതും ഈ ഉടമ്പടിയിൽ എത്തിച്ചേരുന്നതും വാറണ്ടി നിഷേധത്തിലും ഇവിടെ പറഞ്ഞിരിക്കുന്ന ബാദ്ധ്യതയുടെ പരിമിതികളിലും വിശ്വാസമർപ്പിച്ചുകൊണ്ടാണ്. വാറണ്ടി നിഷേധത്തിലൂടെ ഇവിടെ പറഞ്ഞിരിക്കുന്ന ബാദ്ധ്യതകളുടെ പരിമിതികളും താങ്കളും MAFIL ലും തമ്മിലുള്ള ന്യായമായതും നീതിപൂർവ്വവുമായ റിസ്ക് വിഹിതം, പ്രതിഫലിപ്പിക്കുന്നുണ്ട്. കൂടാതെ വാറണ്ടി നിഷേധം, ഇവിടെ പറഞ്ഞിരിക്കുന്ന ബാദ്ധ്യതകളുടെ പരിമിതികൾ എന്നിവ, താങ്കളും MAFIL ഉം തമ്മിലുള്ള ഉടമ്പടിയുടെ അത്യന്താപേക്ഷിതമായ അടിസ്ഥാനമാണ്. ഈ പരിമിതികൾ ഇല്ലാതെ MAFIL ന് **സാമ്പത്തികമായി ന്യായമായ നിലയ്ക്ക് താങ്കൾക്ക് സേവനങ്ങൾ നൽകാൻ കഴിയില്ല.**

## 17. നഷ്ടപരിഹാരം

സൈറ്റ് അല്ലെങ്കിൽ സേവനങ്ങൾ ഉപയോഗിക്കുന്നത് അല്ലെങ്കിൽ ദുരുപയോഗിക്കുന്നത് സംബന്ധിച്ച്, ഈ ഉടമ്പടി താങ്കൾ ലംഘിക്കുന്നപക്ഷം, അല്ലെങ്കിൽ താങ്കൾ ഏതെങ്കിലും റെപ്രസന്റേഷൻ, വാറണ്ടികരാർ എന്നിവ ലംഘിക്കുക എന്നിവ ഉണ്ടായാൽ താങ്കൾ, MAFIL, അതിന്റെ അഫിലിയേറ്റുകൾ, കോൺട്രാക്ടർമാർ, ജോലിക്കാർ, ഓഫീസർമാർ, ഡയറക്ടർമാർ, ഏജന്റുമാർ, മൂന്നാം പാർട്ടി സപ്ലയർമാർ, ലൈസൻസർമാർ, പാർട്ണർമാർ എന്നിവർക്ക് നഷ്ടപരിഹാരം നൽകുകയും അവരെ സംരക്ഷിക്കുകയും ലീഗൽ ഫീസ്, ചിലവുകൾ എന്നിവയടക്കമുള്ള എന്നാൽ

അവയിൽ അവസാനിക്കാത്ത എല്ലാ ക്ലെയിമുകളിൽ നിന്നും, നഷ്ടങ്ങളിൽ നിന്നും ബാദ്ധ്യതകളിൽ നിന്നും ചിലവുകളിൽ നിന്നും സംരക്ഷിക്കുമെന്നും താങ്കൾ സമ്മതിക്കുന്നു. MAFIL നെ നഷ്ടപരിഹാരം നൽകാൻ നിങ്ങൾ ആഗ്രഹിക്കുന്ന അവസരങ്ങളിൽ, നിങ്ങളുടെ ചിലവിൽ അത്തരം കാര്യങ്ങളിൽ പ്രതിരോധം തീർക്കാനും കാര്യങ്ങൾ നിയന്ത്രിക്കാനും, പറഞ്ഞ് ഒതുക്കാനും MAFIL ന് അധികാരമുണ്ട്. MAFIL നടത്തുന്ന പ്രതിരോധവുമായി സഹകരിക്കാൻ താങ്കൾ സമ്മതിക്കുകയും ക്ലെയിമുകൾ സെറ്റിൽ ചെയ്യാൻ സമ്മതിക്കുകയും ചെയ്യുന്നു. ഈ പറഞ്ഞ നഷ്ടപരിഹാരത്തെ തുടർന്ന് മൂന്നാം കക്ഷി നടത്തുന്ന ഏതെങ്കിലും ക്ലെയിം, ആക്ഷൻ, നടപടികൾ എന്നിവയെക്കുറിച്ച് അറിഞ്ഞാൽ MAFIL അത് നിങ്ങളെ അറിയിക്കാൻ ന്യായമായ ശ്രമങ്ങൾ നടത്തുന്നതാണ്. ഈ ഉടമ്പടി അവസാനിച്ചാലും ഈ ഖണ്ഡിക നിലനിൽക്കുന്നതാണ്.

**18. നിഷേധം; വാറണ്ടിയില്ല**

നിലവിലുള്ള ബാധകമായ നിയമത്തിന് പൂർണ്ണമായും അനുവദനീയമായ വിധത്തിൽ MAFIL അതിന്റെ മൂന്നാം പാർട്ടി പാർട്ണർമാർ, ലൈസൻസർമാർ, സപ്ലയർമാർ എന്നിവർ നിയമപരമായതും പ്രകടമായോ പരോക്ഷമായതോ ആയ എല്ലാ വാറണ്ടികളും പരോക്ഷമായ മർച്ചന്റബിലിറ്റി വാറണ്ടി, ഒരു പ്രത്യേക ഉദ്ദേശത്തിനുള്ള ഫിറ്റ്സ്, ഉടമസ്ഥാവകാശ നിയമങ്ങൾ ഭഞ്ജിക്കാതിരിക്കൽ എന്നിവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല, നിഷേധിക്കുന്നു. വാക്കാലെയോ എഴുതിയ രൂപത്തിലോ MAFIL ൽ നിന്നും സേവനത്തിനിടയിൽ ലഭിച്ചതോ സൈറ്റിൽ നിന്ന് ലഭിച്ചതോ ആയ ഉപദേശമോ വിവരമോ ഇവിടെ പ്രകടമായി പറഞ്ഞിരിക്കും പ്രകാരം വാറണ്ടിയായി കണക്കാക്കപ്പെടുന്നില്ല. ഈ സെക്ഷനിൽ പറഞ്ഞ പ്രകാരം MAFIL എന്ന പദത്തിൽ "MAFIL"ഓഫീസർമാർ, ഡയറക്ടർമാർ, ജീവനക്കാർ, ഷെയർ ഹോൾഡർമാർ, ഏജന്റുമാർ, ലൈസൻസർമാർ, സബ്കോൺട്രാക്ടർമാർ, അഫിലിയേറ്റ് ചെയ്ത കമ്പനികൾ എന്നിവർ ഉൾപ്പെടുന്നു. MAFIL, മൊബൈലിൽ റീച്ചാർജ്ജുകളുടെ റീസെല്ലർ ആണെന്നും റേറ്റുകൾ, ഉള്ള നിലവാരം മറ്റെല്ലാ കാര്യങ്ങളും എന്നിവയിൽ ഏതെങ്കിലും ടെലികോം സബ്സ്ക്രൈബർമാർക്കോ അല്ലാതെയോ ഉള്ള ഏതൊരു മൂന്നാം പാർട്ടി (ടെലികോസ് & സപ്ലയർമാർ) സാദ്ധ്യതകളും ഇല്ലെന്നും താങ്കൾ മനസ്സിലാക്കുന്നു.സേവനങ്ങൾ, സൈറ്റ് എന്നിവയുടെ ഉപയോഗം, താങ്കളുടെ സ്വന്തം റിസ്ക്കിലാണെന്ന് താങ്കൾ പ്രകടമായും സമ്മതിക്കുന്നു. സൈറ്റിലോ ഇന്റർനെറ്റിൽ പൊതുവിലോ നൽകിയിരിക്കുന്ന എല്ലാവിധ ഉപദേശങ്ങൾ, അഭിപ്രായങ്ങൾ, സേവനങ്ങൾ, ചരക്കുകൾ, മറ്റ് വിവരങ്ങൾ എന്നിവയുടെ ഉപയോഗത്തിന്റെ കൃത്യത, പൂർണ്ണത എന്നിവ വിലയിരുത്തേണ്ടത് താങ്കളുടെ ഉത്തരവാദിത്വമാണ്. സേവനങ്ങൾ തടസ്സമില്ലാത്തതാണെന്നോ തെറ്റുകളില്ലാത്തതാണന്നോ? വെബ്സൈറ്റിലെ തകരാറുകൾ ശരിയാക്കപ്പെടുമെന്നോ ഉള്ള ഉറപ്പ് ഞങ്ങൾ നൽകുന്നില്ല. സേവനങ്ങളും സൈറ്റ്, ഏതുതരം ഡാറ്റയും, വിവരങ്ങൾ, മൂന്നാം പാർട്ടി സോഫ്റ്റ്വെയർ, റെഫറൻസ് സൈറ്റുകൾ, സേവനങ്ങൾ അല്ലെങ്കിൽ സേവനങ്ങളും സൈറ്റും വഴി അല്ലെങ്കിൽ അവയോടൊപ്പം ലഭ്യമാക്കിയ സോഫ്റ്റ്വെയർ, എന്നിവ "അതേപടി"യും "ലഭ്യമാകുന്നതുപോലെ"യും "എല്ലാ തകരാറുകളോടും" കൂടിയും യാതൊരു വാറണ്ടിയോ യാതൊരു തരത്തിലുമുള്ള, പ്രത്യക്ഷത്തിലുള്ള സൂചിപ്പിക്കപ്പെട്ടതോ ആയ വാഗ്ദാനങ്ങളോ ഇല്ലാതെ നൽകപ്പെടും. MAFIL, അതിന്റെ മൂന്നാം പാർട്ടി വിതരണക്കാർ ലൈസൻസർമാർ, പാർട്ണർമാർ എന്നിവർ ഡാറ്റാ, സേവനങ്ങൾ, സൈറ്റുകൾ അല്ലെങ്കിൽ റെഫറൻസ് സൈറ്റുകൾ എന്നിവയിൽ അല്ലെങ്കിൽ ഇവ വഴി ലഭിക്കുന്ന ഡാറ്റാ MAFIL സോഫ്റ്റ്വെയർ, ഫംഗ്ഷനുകൾ, മറ്റേതെങ്കിലും വിവരങ്ങൾ എന്നിവ തടസ്സമില്ലാതെയും തെറ്റുകളില്ലാതെയും വൈറസുകളും മറ്റുദോഷകരമായ ഘടകങ്ങളില്ലാതെയും നൽകുന്നില്ല. സേവനങ്ങൾ, സൈറ്റ്, ഏതെങ്കിലും റെഫറൻസ് സൈറ്റുകൾ എന്നിവയുടെ ഉപയോഗം, ഉപയോഗഫലം എന്നിവ സംബന്ധിച്ചു കൃത്യത, കണിശത, വിശ്വാസ്യത, മറ്റെന്തെങ്കിലും ഗുണങ്ങൾ ഇവയെക്കുറിച്ച് MAFIL, അതിന്റെ മൂന്നാം കക്ഷി സപ്ലയർമാർ, ലൈസൻസർമാർ, പാർട്ണർമാർ എന്നിവ യാതൊരു വാഗ്ദാനങ്ങളോ ഉറപ്പോ നൽകുന്നില്ല. താങ്കൾ സേവനങ്ങൾ, സൈറ്റ്, ഏതെങ്കിലും റെഫറൻസ് സൈറ്റുകൾ എന്നിവ സ്വന്തം വിവേചനാധികാരവും റിസ്ക്കും പ്രകാരം ഉപയോഗിക്കുകയും വിവരങ്ങൾ, മെറ്റീരിയലുകൾ, ഡാറ്റ എന്നിവ ഡൗൺ ലോഡ് ചെയ്യുകയും / അക്സസ് ചെയ്യുകയും മറ്റ് കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നുണ്ടെന്ന് താങ്കൾ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. താങ്കളുടെ സ്വത്തിനുണ്ടാകുന്ന ഏതൊരു തരം തകരാറിനും (കമ്പ്യൂട്ടർ സിസ്റ്റവും ഡിവൈസും ഉൾപ്പെടെ), ഇത്തരം ഡാറ്റ ഡൗൺലോഡ് ചെയ്യുന്നതിലൂടെ അല്ലെങ്കിൽ

ഉപയോഗിക്കുന്നതിലൂടെ വരുന്ന ഡാറ്റാ നഷ്ടം എന്നിവയ്ക്ക് താങ്കൾ മാത്രമായിരിക്കും ഉത്തരവാദി. ഞങ്ങൾക്ക് വേണ്ടി യാതൊരു വിധത്തിലുമുള്ള വാറണ്ടി നൽകാൻ ഞങ്ങൾ ആരെയും ഏൽപ്പിച്ചിട്ടില്ല, അത്തരം പ്രസ്താവനകൾ താങ്കൾ വിശ്വസിക്കുകയുമരുത്. ഈ ഉടമ്പടി റദ്ദായാൽ പോലും ഈ ഉടമ്പടി നിലനിൽക്കും. താങ്കൾക്ക് സൈറ്റ് ഉപയോഗിക്കാൻ കഴിയാത്തതുമൂലമുണ്ടാകുന്ന സാഹചര്യ പരമായ, പരിണിതഫലം മൂലമുണ്ടാകുന്ന, പരോക്ഷമായ തകരാറുകൾക്ക് ( ലാഭനഷ്ടം, ബിസിനസ്സ് തടസ്സം, പ്രോഗ്രാം അല്ലെങ്കിൽ വിവരങ്ങൾ നഷ്ടപ്പെടൽ പോലുമുള്ളവയുൾപ്പെടെ, എന്നാൽ ഈ പറഞ്ഞവയിൽ അടങ്ങിയിരിക്കാത്തതും ഉൾപ്പെടെ) ഉത്തരവാദിയായിരിക്കില്ല.

## 19. ഉടമസ്ഥാവകാശം ; ഉടമസ്ഥാവകാശം സംബന്ധിച്ച അവകാശങ്ങൾ

MAFIL കൂടാതെ/ അല്ലെങ്കിൽ മൂന്നാം കക്ഷി ലൈസൻസർമാരാണ് സേവനങ്ങളുടെയും സൈറ്റിന്റെ ഉടമകളും അവ പ്രവർത്തിപ്പിക്കുന്നവരും. MAFIL നൽകുന്ന വിഷ്വൽ ഇന്റർഫേസുകൾ ഗ്രാഫിക്സ്, ഡിസൈൻ, കമ്പൈലേഷൻ, വിവരങ്ങൾ, കമ്പ്യൂട്ടർ കോഡ്, സോഴ്സ് കോഡും ഒബ്ജക്ട് കോഡും അടക്കം), ഉല്പന്നങ്ങൾ, സോഫ്റ്റ്‌വെയറുകൾ, സേവനങ്ങൾ, സേവനങ്ങളുടെ മറ്റെല്ലാ ഘടകങ്ങളും സൈറ്റും എന്നിവ ഇന്ത്യൻ കോപ്പിറൈറ്റ്, ട്രേഡ് ഡ്രെസ്സ്, പേറ്റന്റ്, ട്രേഡ്മാർക്ക് നിയമങ്ങൾ, അന്താരാഷ്ട്ര കൺവെൻഷനുകൾ, ബാധകമായ മറ്റെല്ലാ ബൗദ്ധിക , ഉടമസ്ഥാവകാശ നിയമങ്ങൾ, ബാധകമായ നിയമങ്ങൾ എന്നിവ പ്രകാരം സംരക്ഷിക്കപ്പെട്ടിരിക്കും. MAFIL നും താങ്കൾക്കുമിടയിൽ സൈറ്റിലുള്ള എല്ലാ മെറ്റീരിയലുകളും ട്രേഡ് മാർക്കുകളും സർവീസ് മാർക്കുകളും ട്രേഡ് നാമങ്ങളും എന്നിവയെല്ലാം MAFIL ന്റെ കൂടാതെ / അല്ലെങ്കിൽ മൂന്നാം കക്ഷി ലൈസൻസർമാർ / സപ്ലയർമാർ എന്നിവരുടെസ്വത്താണ്. MAFIL അഥവാ മറ്റേതെങ്കിലും മൂന്നാം കക്ഷിയുടെ പകർപ്പവകാശം, പേറ്റന്റ്, ട്രേഡ്മാർക്ക് അല്ലെങ്കിൽ ഉടമസ്ഥാവകാശ മുന്നറിയിപ്പ് എന്നിവ പതിപ്പിച്ച രൂപത്തിലുള്ളത് അല്ലെങ്കിൽ അടങ്ങിയിരിക്കുന്നത് അല്ലെങ്കിൽ സേവനത്തിലൂടെ ലഭിക്കുന്നത് നീക്കം ചെയ്യാനോ മങ്ങലേൽപ്പിക്കാനോ മാറ്റാനോ ശ്രമിക്കുന്നതല്ലെന്ന് താങ്കൾ സമ്മതിക്കുന്നു. പ്രകടമായി അധികാരപ്പെടുത്താത്ത പക്ഷം, മെറ്റീരിയലുകളുടെ വില്പന, ലൈസൻസ്, വിതരണം, കോപ്പി ചെയ്യൽ, ഭേദഗതി വരുത്തൽ, പൊതു പ്രദർശനം നടത്തൽ, സംപ്രേക്ഷണം ചെയ്യൽ, പബ്ലിഷ് ചെയ്യൽ, മാറ്റങ്ങൾ വരുത്തൽ, സാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യാസങ്ങൾ വരുത്താൻ വ്യുൽപന്ന ജോലികൾ നടത്തൽ, അനധികൃതമായ ഉപയോഗത്തിലേർപ്പെടൽ എന്നിവ നടത്തുന്നതല്ലെന്ന് താങ്കൾ സമ്മതിക്കുന്നു.

## 20. അധിക നിബന്ധനകളും വ്യവസ്ഥകളും

a. MAFIL ന്റെ ഏതെങ്കിലും സേവനത്തിലൂടെ ഒരു മർച്ചന്റ് എസ്റ്റാബിഷ്മെന്റിൽ നിന്നും താങ്കൾ സാധനങ്ങൾ, സോഫ്റ്റ്‌വെയർ, ഏതെങ്കിലും തരത്തിലുള്ള സേവനങ്ങൾ എന്നിവ നേടുമ്പോൾ, താങ്കളും മർച്ചന്റ് എസ്റ്റാബിഷ്മെന്റും തമ്മിലുള്ള ഉടമ്പടിയിൽ ഒരു പാർട്ടി അല്ല എന്ന് താങ്കൾ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. സൈറ്റുമായി ബന്ധപ്പെട്ട് MAFIL ഏതെങ്കിലും പരസ്യക്കാരെയോ മർച്ചന്റിനേയോ ശുപാർശ ചെയ്യിട്ടില്ല താങ്കൾ ഉപയോഗിക്കുന്ന മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ് സേവനം നിരീക്ഷിക്കാൻ MAFIL ന് യാതൊരു ബാദ്ധ്യതയുമില്ല. വാറണ്ടികൾ അല്ലെങ്കിൽ ഗ്യാരണ്ടികൾ എന്നിവയുൾപ്പെടെ (ഇവ മാത്രമല്ല) കോൺട്രാക്ടിനു കീഴിൽ വരുന്ന എല്ലാ കടപ്പാടുകൾക്കും മർച്ചന്റ് എസ്റ്റാബിഷ്മെന്റ് മാത്രമായിരിക്കും ഉത്തരവാദി. മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റുമായി വരുന്ന ഏതെങ്കിലും തർക്കങ്ങൾ അല്ലെങ്കിൽ പരാതികൾ, കസ്റ്റമറും മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റും തമ്മിൽ നേരിട്ട് തീർക്കേണ്ടത്. MAKash വാലറ്റ് ഉപയോഗിച്ച് പർച്ചേസ് ചെയ്യുന്ന സാധനങ്ങൾ കൂടാതെ/ അഥവാ സേവനങ്ങൾ എന്നിവയിൽ വരുന്ന പോരായ്മകൾ ഉത്തരവാദിയോ ബാദ്ധ്യസ്ഥരോ ആകുന്നതല്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രൊമോഷനൽ സ്കീമിനുകീഴിൽ ലഭ്യമാക്കിയിട്ടുള്ള സാധനങ്ങൾ കൂടാതെ/ അഥവാ സേവനങ്ങൾക്കും ബാദ്ധ്യതയിൽ നിന്നുള്ള ഒഴിവാക്കൽ ബാധകമാണ്. ഏതെങ്കിലും സാധനങ്ങൾ കൂടാതെ / അല്ലെങ്കിൽ സേവനങ്ങൾ വാങ്ങുന്നതിനു മുമ്പായി ഗുണനിലവാരം, അളവ് തുടങ്ങിയവ താങ്കൾ സ്വയം നോക്കി തൃപ്തരാകേണ്ടതാണെന്ന് അറിയിച്ചിരിക്കുന്നു.

b. കസ്റ്റമർ, തെറ്റായി ഏതെങ്കിലും മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റിന് ട്രാൻസ്ഫർ ചെയ്ത പണം, യാതൊരു

കാരണവശാലും MAFIL , കസ്റ്റമർക്ക് തിരിച്ചുകൊടുക്കുന്നതല്ല.

c. MAFIL സൈറ്റിലെ തേർഡ് - പാർട്ടി സൈറ്റുകൾക്കുള്ള വെബ്‌ലിങ്ക്, ആ വെബ്‌ലിങ്കിനുള്ള ശുപാർശയല്ല. അത്തരം വെബ് ലിങ്കുകൾ ഉപയോഗിക്കുമ്പോൾ, താങ്കൾ ഓരോ വെബ് ലിങ്കിന്റെയും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയനായിരിക്കും.

d. എന്തെങ്കിലും തർക്കമുണ്ടാകുകയാണെങ്കിൽ MAKash വാലറ്റിലൂടെ നടന്ന ഇടപാടുകളുടെ അന്തിമമായ തെളിവായി നിലനിൽക്കുന്നത് MAFIL രേഖകൾ ആയിരിക്കും.

e. MAFIL, എല്ലാ കസ്റ്റമർ കമ്മ്യൂണിക്കേഷനും SMS കൂടാതെ / അല്ലെങ്കിൽ ഇ-മെയിൽ വഴി അയയ്ക്കുന്നതാണ് മൊബൈൽ ഫോൺ ഓപ്പറേറ്ററുടെ പക്കൽ ഡെലിവറിക്കായി സമർപ്പിക്കപ്പെട്ട SMS , താങ്കൾക്ക് ലഭിച്ചുവെന്ന് കരുതുന്നതാണ്.

f. ട്രാൻസാക്ഷനൽ സന്ദേശങ്ങൾ ഉൾപ്പെടെ MAFIL ൽ നിന്നും എല്ലാ കമേർഷ്യൽ സന്ദേശങ്ങളും ലഭിക്കുന്നതിന് താങ്കൾ സമ്മതം നൽകുന്നു.

**21. നിബന്ധനകളുടെ ഭേദഗതി, പ്ലാറ്റ് ഫോറം**

a. നിബന്ധനകൾ, സൈറ്റ് അല്ലെങ്കിൽ പ്ലാറ്റ് ഫോറം / നെറ്റ് വർക്ക് എന്നിവ സ്വന്തം വിവേചനാധികാരത്തിൽ ഏതുസമയത്തും മാറ്റാനും ഭേദഗതി വരുത്താനും വ്യത്യാസപ്പെടുത്താനും കൂട്ടിച്ചേർക്കാനും അവസാനിപ്പിക്കാനുമുള്ള അവകാശം MAFIL നുണ്ട്. നിരന്തരമായ താങ്കളുടെ സൈറ്റ് അഥവാ പ്ലാറ്റ്ഫോറം / നെറ്റ്‌വർക്ക് ഉപയോഗം, അത്തരം മാറ്റങ്ങൾ താങ്കൾ അംഗീകരിക്കുന്നു എന്നതായി കണക്കാക്കപ്പെടും. ഏറ്റവും പുതിയ വേർഷനുമായി താങ്കൾ പരിചയപ്പെടുന്നു എന്നുറപ്പാക്കാനായി ഇടയ്ക്കിടയ്ക്ക് ഈ വ്യവസ്ഥകൾ താങ്കൾ നോക്കണമെന്ന് ഉറപ്പുവരുത്തുക.

b. ബാധകമായ അധികാരികൾ/ റെഗുലേറ്റേഴ്സ് വരുത്തുന്ന ആഭ്യന്തര നയങ്ങൾ, നിയമങ്ങൾ, റെഗുലേഷനുകൾ, വകുപ്പുകൾ എന്നിവയിലെ മാറ്റങ്ങൾ മൂലം ഏതുസമയത്തും മുൻകൂർ അറിയിപ്പില്ലാതെ തന്നെ MAKash വാലറ്റ് സസ്പെൻഡ് ചെയ്യാനോ ടെർമിനേറ്റ് ചെയ്യാനോ ഭേദഗതി വരുത്തുവാനോ MAFIL നാകും.

c. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും താങ്കൾ വരുത്താനാഗ്രഹിക്കുന്ന ഭേദഗതികൾ അമെൻമെഡ്മെൻസ് ഫോറം വഴി എഴുതി അറിയിക്കുകയും അത് MAFIL സ്വീകരിക്കുകയും ചെയ്തിട്ടില്ലെങ്കിൽ പ്രാബല്യത്തിൽ വരുന്നതല്ല. ഈ ക്ലോസിനു കീഴിൽ വരുത്തുന്ന ഭേദഗതികൾ ഈ നിബന്ധനകൾ, വ്യവസ്ഥകൾ ഇവയുടെ ഭാഗമായി കണക്കാക്കപ്പെടുകയും ഏതെങ്കിലും തരത്തിലുള്ള വൈരുദ്ധ്യം സംഭവിക്കുന്ന പക്ഷം അമെൻഡ്മെൻഡ് ഫോറം നിലനിൽക്കുകയും ചെയ്യും. ഈ നിബന്ധനകളും വ്യവസ്ഥകളും കാലകാലങ്ങളിൽ RBI ഇറക്കുന്ന വിജ്ഞാപനങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.

**22. നിയമപാലനം**

RBI നിർദ്ദേശങ്ങളിലെ ഇഷ്യുവൻസ് ആന്റ് ഓപ്പറേഷൻ ഓഫ് പ്രീ-പെയ്ഡ് പേയ്മെന്റ് ഇൻസ്ട്രുമെന്റ്സ് ഇൻ ഇന്ത്യ (റിസർവ്ബാങ്ക്) നിർദ്ദേശങ്ങൾ, 2009 (കാലാകാലങ്ങളിൽ ഭേദഗതി ചെയ്തതും കൂട്ടിച്ചേർക്കപ്പെട്ടതും) ന് വിധേയമായിരിക്കും MAKash വാലറ്റ്. റിഡംപ്ഷൻ, റീപേയ്മെന്റ് ഉപയോഗം എന്നിവ സംബന്ധിച്ച് ഇറക്കുന്ന RBI നിർദ്ദേശങ്ങൾക്ക് വിധേയവുമായിരിക്കും. ബാധകമായ നിയമം, റെഗുലേഷൻ അല്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ താങ്കൾ ലംഘിക്കുന്ന പക്ഷം MAFIL ന് ഉത്തരവാദിത്വമോ ബാദ്ധ്യതയോ ഉണ്ടായിരിക്കില്ല. RBI കാലാകാലങ്ങളിൽ പുറത്തിറക്കുന്ന ഭീകരവാദികളായ വ്യക്തികളുടെ / സംഘടനകളുടെ സംക്ഷിപ്ത പട്ടികയിൽ താങ്കളുടെ പേര് വരുന്നില്ലെന്ന് താങ്കൾ ഇതിനാൽ പ്രസ്താവിക്കുന്നു.

23. സ്വകാര്യത

RBI നൽകുന്ന സർട്ടിഫിക്കറ്റ് ഓഫ് ഓതറൈസേഷനിലെ വ്യവസ്ഥകൾ, RBI വിജ്ഞാപനങ്ങൾ/ നിർദ്ദേശങ്ങൾ എന്നിവയ്ക്കു വിധേയമായിട്ടായിരിക്കും ആശയ വിനിമയത്തിന്റെ സ്വകാര്യത. MAKash വാലറ്റിലെ വ്യവസ്ഥകൾ പാലിക്കാനായി ഏതെങ്കിലും നിയമപരമായതോ അല്ലാത്തതോ ആയ അധികൃതർക്ക് താങ്കളെ സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തേണ്ടിവരുമെന്ന് താങ്കൾ സമ്മതിക്കുന്നു.

24. ആധാർ, പാൻ ആധാരിത KYC പ്രാമാണ്യം/ അംഗീകാരം

1. RBI റെഗുലേഷനുകളിൽ നിഷ്ക്കർഷിച്ചിരിക്കും വിധം KYC ആവശ്യങ്ങൾക്ക് ഉപയോഗിക്കാനായി ബൈയോമെട്രിക്ക് ഓതന്റിക്കേഷൻ ഉപയോഗിച്ച്, ജനസംഖ്യാ പരമായ വിവരങ്ങൾ യൂണിക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) യിൽ നിന്ന് ശേഖരിക്കുന്നു. ഞാൻ എന്റെ സമ്മതം MAFIL ന് ഇതിനാൽ നൽകുന്നു. ജനസംഖ്യാപരമായ വിവരങ്ങളിൽ പേര്, DOB, ലിംഗം, മേൽ വിലാസം, ഫോട്ടോഗ്രാഫ് എന്നിവ ഉൾപ്പെടുന്നു. കസ്റ്റമറുടെ ഉപയോഗത്തിനായി ഒരേ ഡാറ്റ ഉപയോഗിച്ച് കോണ്ടാക്ട് നമ്പറും ഇ-മെയിൽ ID യും ഉൾപ്പെടെയുള്ള സമ്പർക്ക വിവരങ്ങൾ നേടി, MAFIL PPI വാലറ്റ് ഉണ്ടാക്കാൻ ഞാൻ MAFIL നെ അനുവദിക്കുന്നു.
2. RBI റെഗുലേഷനിൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരം KYC ആവശ്യങ്ങൾക്കുപയോഗിക്കാൻ നിങ്ങളുടെ PAN വിവരങ്ങൾ വാങ്ങുവാനും അത് പരിശോധിക്കാനും നിങ്ങൾ ഇതിനാൽ MAFIL ന് അനുവാദം നൽകുന്നു.
3. MAFIL PPI വാലറ്റിന് അപേക്ഷിക്കാനുള്ള യോഗ്യത നേടാനായി, താങ്കൾ 18 വയസ്സിനു മുകളിലുള്ളതും ഇന്ത്യയിൽ താമസമുള്ളതും ഇന്ത്യൻ മേൽവിലാസമുള്ളതുമായ വ്യക്തിയായിരിക്കണം.
4. ഏതെങ്കിലും ധനകാര്യസ്ഥാപനത്തിൽ ഏതെങ്കിലും അക്കൗണ്ട് തുറക്കാനായി OTP ആധാരിത അധാർ (e-KYC) പരിശോധന താങ്കൾ ഉപയോഗിച്ചിട്ടില്ലെന്ന് ഇതിനാൽ താങ്കൾ ഉറപ്പുനൽകുന്നു.
5. UIDAI ആധാരിത OTP യിലൂടെയാണ് ഓപ്പൺ ചെയ്യതെങ്കിൽ അത് ഒരു eKYC അക്കൗണ്ടായി പരിമിതമാക്കപ്പെടും. ഇതിൽ 1 ലക്ഷം രൂപയിലധികം അല്ലെങ്കിൽ സമയാസമയങ്ങളിൽ RBI നിഷ്കർഷിക്കും പ്രകാരം താങ്കൾക്ക് ക്രെഡിറ്റ് ബാലൻസ് ഉണ്ടായിരിക്കരുത്.
6. താങ്കളുടെ ഏറ്റവുമടുത്ത MAFIL ശാഖ സന്ദർശിച്ച് ആധാർ /UIDAI SMS OTP ആധാരിത eKYC അക്കൗണ്ട് തുറന്ന് 12 മാസത്തിനുള്ളിൽ താങ്കളുടെ ബയോമെട്രിക്ക് വിവരങ്ങൾ നൽകിക്കൊണ്ട് താങ്കൾ തങ്കളുടെ പൂർണ്ണമായ KYC പൂർത്തീകരിക്കാമെന്ന് സമ്മതിക്കുന്നു.
7. 12 മാസത്തിനുള്ളിൽ മുഴുവൻ KYC യും പൂർത്തീകരിക്കാൻ പറ്റാത്ത പക്ഷം, MAFIL, താങ്കളുടെ അക്കൗണ്ട് ക്ലോസ് ചെയ്യുമെന്ന് നിങ്ങൾ സമ്മതിക്കുന്നു. KYC പൂർണ്ണമായും മുഴുവനാക്കിയ ശേഷമേ താങ്കൾക്ക് ഫണ്ട് പിൻവലിക്കാൻ / ഇടപാടുകൾക്കായി അക്കൗണ്ട് ഉപയോഗിക്കാൻ പറ്റുകയുള്ളൂ.
8. അക്കൗണ്ട് പൂർണ്ണമായും മരവിപ്പിക്കപ്പെട്ടാൽ അത്തരം ഡെപ്പോസിറ്റുകളുടെ പ്രിൻസിപ്പിൽ തുകയും ആർജ്ജിച്ച പലിശയും (ഉണ്ടെങ്കിൽ) താങ്കൾക്ക് മുഴുവൻ യും പൂർത്തീകരിച്ചതിനു ശേഷമേ ലഭിക്കൂ എന്ന കാര്യം താങ്കൾ സമ്മതിക്കുന്നു.
9. അത്തരം അക്കൗണ്ട് MAFIL ന്റെ കൃത്യമായി സ്ക്രൂട്ടിനിക്കും നിരീക്ഷണത്തിനും വിധേയമായിരിക്കുമെന്നും MAFIL ന് സ്വന്തം വിവേചനാധികാരപ്രകാരം അത്തരം അക്കൗണ്ടുകൾ പൂർണ്ണമായും മരവിപ്പിക്കുന്നു/ ഡെബിറ്റ് മരവിപ്പിക്കാൻ / ക്ലോസ് ചെയ്യാൻ പൂർണ്ണാധികാരമുണ്ടെന്നും താങ്കൾ മനസ്സിലാക്കുന്നു.
10. താങ്കൾ ഏതെങ്കിലും കാരണവശാൽ പൂർണ്ണമായ KYC നൽകാൻ പരാജയപ്പെട്ടാൽ അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള അധികാരം MAFIL നുണ്ടെങ്കിലും അത്തരം സാഹചര്യങ്ങളിൽ RBI നയങ്ങൾ ബാധകമായിരിക്കുമെന്നും താങ്കൾ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.
11. താങ്കളുടെ ഓൺ- ബോർഡിംഗ് പ്രക്രിയ പൂർണ്ണമായില്ലെങ്കിൽ താങ്കൾക്ക് MAFIL നൽകുന്ന സേവനങ്ങൾ ആസ്വദിക്കാനാകില്ല.
12. MAFIL ന് ഇലക്ട്രോണിക്ക് രൂപത്തിൽ ലഭിക്കുന്ന എല്ലാ/ ഏത് വിവരങ്ങളും, ആശയവിനിമയങ്ങളും വിശദാംശങ്ങളും വിശ്വാസത്തിലെടുക്കാമെന്നും അത്തരം ആശയവിനിമയങ്ങൾ, വിവരങ്ങൾ, വിശദാംശങ്ങൾ എന്നിവ നിയമപരമായി താങ്കൾക്ക് ബാധകമാണെന്നും താങ്കൾ ഇതിനാൽ പ്രസ്താവിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു.

തീരുമാനിക്കും. തീരുമാനം, നിലവിലുള്ള നിയമങ്ങൾ പ്രകാരം അന്തിമവും ഇരുകക്ഷികളുടെയും മേൽ നിലനിൽക്കുന്നതും ആയിരിക്കും. തീരുമാനം, യോഗ്യമായ ഏത് കോടതിയിലും നടപ്പിലാക്കാവുന്നതാണ്.

## 28. പൊതുവായവ

കക്ഷികൾ, സ്വതന്ത്ര കോൺട്രാക്ടർമാരാണ് ഈ വ്യവസ്ഥകൾ പറഞ്ഞിരിക്കുന്ന ഒന്നും തന്നെ ഏജൻസി, തൊഴിൽ ബന്ധം, ഫ്രാഞ്ചൈസർ - ഫ്രാഞ്ചൈസിബന്ധം, കൂട്ടുസംരംഭം, പങ്കാളിത്തം എന്നിവ ഉണ്ടാക്കുന്നതായി കണക്കാക്കപ്പെടുന്നില്ല. ഈ വ്യവസ്ഥകൾ, ഈ പറഞ്ഞ വിഷയത്തെ സംബന്ധിച്ച് താങ്കളും ഞങ്ങളും തമ്മിലുള്ള മുഴുവൻ ഉടമ്പടിയെയും ഉൾക്കൊള്ളുന്നു ഇതിനു മുമ്പും ഈയിടെയായും ഇരുകക്ഷികൾക്കും ഇടയിൽ ഉള്ള വായ്മൊഴിയായോ വരമൊഴിയായോ ആ വിഷയം സംബന്ധിച്ച് ഉടമ്പടികൾ, ധാരണകൾ എന്നിവയ്ക്ക് മുകളിലായി നിൽക്കുകയും ചെയ്യുന്നു. ഈ നിബന്ധനയിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പിലാക്കാൻ പറ്റാത്തതോ അസാധുവോ ആയി വന്നാലും നിബന്ധനയിലെ മറ്റ് വ്യവസ്ഥകൾ പൂർണ്ണമായും പ്രാബല്യത്തിലുണ്ടാകും. MAKash ന്റെ എഴുതി തയ്യാറാക്കിയ സമ്മതം ലഭിക്കാതെ താങ്കൾക്ക് നിബന്ധനകൾ അടിച്ചേൽപ്പിക്കാനോ താങ്കളുടെ കടപ്പാടുകൾ ഏൽപ്പിക്കാനോ ആകില്ല ഏതുപ്രവൃത്തിയിലെയും ഈ നിബന്ധനകളുമായി ബന്ധമുള്ള നിലവിലുള്ള കക്ഷി, നിലവിലില്ലാത്ത കക്ഷിയിൽ നിന്നും അതു സംബന്ധിച്ച ന്യായമായ ലീഗൽ ഫീസ്, ചിലവ്, വിതരണം ചെയ്ത പണം എന്നിവ വീണ്ടെടുക്കാൻ അർഹരാണ്.

## 29. ആവലാതികൾ ബോധിപ്പിക്കാനുള്ള ഓഫീസർ

തനിക്ക് ലഭിക്കുന്ന സേവനത്തിൽ തൃപ്തിയില്ലെങ്കിൽ അല്ലെങ്കിൽ ഏജന്റ്/ സ്റ്റാഫ് മായി ഇടപെടുമ്പോൾ അവരുടെ മനോഭാവത്തിൽ പോരായ്മകൾ കാണുമ്പോൾ അല്ലെങ്കിൽ വാഗ്ദാനം ചെയ്ത സേവന നിലവാരവും MAFIL നൽകുന്ന യഥാർത്ഥ സേവന നിലവാരവും തമ്മിൽ വിടവുകൾ കാണുമ്പോൾ തന്റെ പരാതികൾ രജിസ്റ്റർ ചെയ്യാനുള്ള അവകാശമുണ്ട്. ഈ സംവിധാനം, കസ്റ്റമറുടെ പരാതിപരിഹാരം, പരാതികൾ കേൾക്കാനും ആവലാതികൾ സ്വീകരിക്കാനുമായി പ്രത്യേകമായി സംവിധാനം ചെയ്തതാണ്.

a. പരാതി ലഭിച്ച ഉടനെ MAFIL, ആവലാതി കിട്ടിയതായി രേഖപ്പെടുത്തുകയും അസാധാരണമായ കേസുകളിൽ പരമാവധി കാലഘട്ടമായ 3 ആഴ്ചക്കുള്ളിൽ പരാതികൾ പരിഹരിക്കാനായി പ്രവർത്തനം ആരംഭിക്കുകയും ചെയ്യും.

b. എടുത്ത നടപടികൾ, ആവലാതികൾ പരിഹരിക്കുന്നതിലുള്ള പുരോഗതി, പരിഹരിക്കാനുള്ള താമസത്തിന്റെ കാരണങ്ങൾ എന്നിവയെ പറ്റി കസ്റ്റമറെ അറിയിക്കുകയും ചെയ്യും.

c. ഇ-മെയിൽ വഴി ലഭിക്കുന്ന പരാതികൾ ഉടനടി, സിസ്റ്റം ജനറേറ്റ് ചെയ്യുന്ന പ്രതികരണം അല്ലെങ്കിൽ കഴിയുന്നത്ര വ്യക്തിഗത ഇ-മെയിലുകൾ എന്നിവയുടെ രൂപത്തിൽ, കിട്ടിയതായി അറിയിക്കപ്പെടും.

d. അത്തരം പരാതികളുടെ കാര്യത്തിൽ എടുത്ത ഫോളോ അപ്പുകൾ ഇ-മെയിൽ വഴി കസ്റ്റമറെ അറിയിക്കും.

## 30. അറിയിപ്പ്

നിങ്ങൾക്ക് നോട്ടീസുകൾ, ഇ-മെയിൽ സന്ദേശങ്ങൾ, സാധാരണ തപാൽ, സൈറ്റിലുള്ള പോസ്റ്റിംഗ്, മറ്റ് ന്യായമായ മാർഗ്ഗങ്ങൾ എന്നിവ നൽകിയേക്കാം. ഇതിൽ പറഞ്ഞിരിക്കുന്ന പ്രകാരമല്ലാത്ത നോട്ടീസുകൾ MAFIL ന് കൊറിയർ, അല്ലെങ്കിൽ രജിസ്റ്റേഡ് മെയിൽ വഴി മണപ്പുറം ഫിനാൻസ് ലിമിറ്റഡ് IV / 470 (old) W638A (New), മണപ്പുറം ഹൗസ്, വലപ്പാട്, തൃശ്ശൂർ, കേരള - 680 567 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

## 31. ഒഴിവാക്കൽ

13. താങ്കളുടെ മൊബൈൽ നമ്പർ, വിശദവിവരങ്ങൾ എന്നിവ, എന്തെങ്കിലും നിയമപരമായ RBI റെഗുലേഷൻ നിഷ്കർഷിക്കുന്ന പ്രകാരം അതത് റെഗുലേറ്റർമാർ നിയമം നടപ്പിലാക്കുന്ന അധികാരികൾ എന്നിവരുമായി പങ്കുവയ്ക്കാൻ താങ്കൾ MAFIL നെ അധികാരപ്പെടുത്തുന്നു.

## 25. ഇലക്ട്രോണിക്ക് ആശയവിനിമയങ്ങളും ഇടപാടുകളും

താഴെ കൊടുത്തിരിക്കുന്ന സൈറ്റ് ഉപയോഗിക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്നതിലൂടെ, ഞങ്ങളിൽ നിന്നും ഇ-മെയിൽ വഴി അല്ലെങ്കിൽ ഇലക്ട്രോണിക്ക് മാർഗ്ഗങ്ങളിലൂടെ ഇലക്ട്രോണിക്ക് രൂപത്തിൽ ആശയവിനിമയങ്ങൾ, അറിയിപ്പുകൾ, വിവരങ്ങൾ എന്നിവ ലഭിക്കുവാനായും ഇടപാട് നടത്താനായും താങ്കൾ സമ്മതിക്കുന്നു. ഞങ്ങളുടെ രേഖകൾ പ്രകാരമുള്ള ഇ-മെയിൽ വിലാസത്തിൽ / മൊബൈൽ നമ്പറിൽ ഇലക്ട്രോണിക്ക് ആശയവിനിമയങ്ങൾ അയയ്ക്കുമ്പോൾ അല്ലെങ്കിൽ MAFIL സൈറ്റിൽ ഇലക്ട്രോണിക്ക് ആശയവിനിമയങ്ങൾ പോസ്റ്റ് ചെയ്യുമ്പോൾ താങ്കൾക്ക് ഇലക്ട്രോണിക്ക് ആശയവിനിമയങ്ങൾ ലഭിച്ചതായി MAFIL കണക്കാക്കും. അത്തരം ഇലക്ട്രോണിക്ക് ഇടപാടുകൾ, ആശയ വിനിമയങ്ങൾ എന്നിവയ്ക്കു വേണ്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്.:

a. താങ്കൾക്ക് ഇന്റർനെറ്റ്, മൊബൈൽ വെബ്, ആപ്ലിക്കേഷനുകൾ എന്നിവയും സാധുവായ ഇ-മെയിൽ വിലാസവും ഉണ്ടായിരിക്കണം.
b. താങ്കൾക്ക് MAFIL മായി ബന്ധപ്പെട്ടുകൊണ്ട് ഏത് സമയത്തും താങ്കളുടെ സമ്മതം പിൻവലിക്കാം. പക്ഷെ അത്തരം പിൻവലിക്കലുകളിന്മേൽ താങ്കളുടെ അക്കൗണ്ട് അവസാനിപ്പിക്കാനുള്ള അധികാരം ഞങ്ങൾക്കാണ്. താങ്കൾ സമ്മതം പിൻവലിക്കുന്നതുകൊണ്ട്, മുമ്പ് ഇലക്ട്രോണിക്ക് രൂപത്തിൽ ലഭിച്ച ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ്, പ്രസ്താവന, വെളിപ്പെടുത്തൽ എന്നിവയെ ബാധിക്കുന്നതല്ല.
c. താങ്കൾക്ക് ഇ-മെയിൽ വിലാസം അല്ലെങ്കിൽ മറ്റ് സമ്പർക്ക വിവരങ്ങൾ എന്നിവയിൽ മാറ്റമുണ്ടാകുകയാണെങ്കിൽ MAFIL മായി ബന്ധപ്പെടുകയോ നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയോ ചെയ്ത് ഞങ്ങളെ അറിയിക്കുമെന്ന് താങ്കൾ സമ്മതിക്കുന്നു.

## 26. നിയമം, തർക്കപരിഹാരം ഇവയുടെ തിരഞ്ഞെടുപ്പ്

ഈ വ്യവസ്ഥകൾ, ഇന്ത്യയിലെ നിയമങ്ങൾ പ്രകാരം നിയന്ത്രിക്കപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും നിയമങ്ങൾ തമ്മിലുള്ള സംഘർഷതത്വങ്ങളിൽ പെടാത്തതുമാണ്. ഈ വ്യവസ്ഥകൾ, പ്ലാറ്റ് ഫോറം/ നെറ്റ്‌വർക്ക് അല്ലെങ്കിൽ സൈറ്റ്മായി ബന്ധപ്പെട്ടുകൊണ്ട് ഉടലെടുക്കുന്ന ഏതെങ്കിലും തർക്കങ്ങൾ എന്നിവയുടെ നിയമപരിധി, കേരളത്തിലെ തൃശൂർ ജില്ലയിലെ കോടതികളായിരിക്കുമെന്ന് കക്ഷികൾ സമ്മതിക്കുന്നു. മേൽപറഞ്ഞ കോടതികളുടെ അത്തരം വ്യക്തിപരമായ നിയമപരിധി താങ്കൾ തുറന്ന് സമ്മതിക്കുകയും അസൗകര്യങ്ങൾ മറ്റ്കാര്യങ്ങൾ എന്നിവ അടിസ്ഥാനമാക്കി വ്യക്തിപരമായ അത്തരം നിയമപരിധിയെക്കുറിച്ചുള്ള എതിർപ്പുകൾ തള്ളുകയും ചെയ്യുന്നു.

## 27. മദ്ധ്യസ്ഥം

ഈ ഉടമ്പടിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാതർക്കങ്ങളും താങ്കളും MAFIL ഉം ചർച്ചകളിലൂടെ പരിഹരിക്കുമെന്ന് താങ്കൾ സമ്മതിക്കുന്നു. പക്ഷെ ഒരു സമയത്തിൽ എത്താൻ കഴിഞ്ഞില്ലെങ്കിൽ MAFIL നിയമിച്ച ഏക മദ്ധ്യസ്ഥന്റെ തീരുമാനത്തിന് വിടുകയും ആ മദ്ധ്യസ്ഥന്റെ തീരുമാനം അന്തിമവും ഇരു കക്ഷികളുടെ മേൽ നിലനിൽക്കുന്നതും ആയിരിക്കും. ഇപ്രകാരം നിയമിക്കപ്പെട്ട ഏക മദ്ധ്യസ്ഥന് കഴിയാതെ വരുന്ന പക്ഷം, അല്ലെങ്കിൽ രാജിവയ്ക്കുന്ന പക്ഷം അല്ലെങ്കിൽ മരണം സംഭവിക്കുന്നു പക്ഷെ ആദ്യത്തെ മദ്ധ്യസ്ഥന് പകരമായി മറ്റൊരു മദ്ധ്യസ്ഥനെ നിയമിക്കാനുള്ള അധികാരം കമ്പനിക്ക് ഉണ്ടായിരിക്കും. ആദ്യത്തെ മദ്ധ്യസ്ഥൻ എവിടെ വെച്ച് നിർത്തിയോ ആഘട്ടത്തിൽ നിന്നായിരിക്കും അടുത്തയാൾ നടപടിക്രമങ്ങൾ ആരംഭിക്കുന്നത് ഇതിനുവേണ്ട ചിലവുകൾ ഇരുകക്ഷികളും തുല്യമായി വഹിക്കും. മദ്ധ്യസ്ഥത്തിന്റെ വേദി തൃശൂർ അല്ലെങ്കിൽ MAFIL അറിയിക്കുന്ന മറ്റ് സ്ഥലങ്ങൾ ആകാം. മദ്ധ്യസ്ഥപ്രക്രിയകൾ, 1996 ലെ ആർബിട്രേഷൻ ആന്റ് കൺസിലിയേഷൻ ആക്ട് പ്രകാരം നിയന്ത്രിക്കപ്പെടും. ഇത്, ഇംഗ്ലീഷ് ഭാഷയിലായിരിക്കും. മദ്ധ്യസ്ഥൻ, തീരുമാനം എഴുതി തയ്യാറാക്കിയതായിരിക്കും. മദ്ധ്യസ്ഥൻ, മദ്ധ്യസ്ഥ പ്രക്രിയകളുടെ ചിലവും

MAFIL ഈ, ഉടമ്പടിയിൽ പറഞ്ഞ ഏതെങ്കിലും അധികാരം അല്ലെങ്കിൽ വ്യവസ്ഥ നടപ്പിലാക്കുന്നതിൽ വീഴ്ച കാണിച്ചാൽ അത് അത്തരം അധികാരം അല്ലെങ്കിൽ വ്യവസ്ഥ ഒഴിവാക്കലായി കണക്കാക്കുന്നത്. ഈ ഉടമ്പടിയിലെ ഏതെങ്കിലും വ്യവസ്ഥയുടെ ഒഴിവാക്കലുകൾ നടക്കണമെങ്കിൽ അത്തരം കാര്യങ്ങൾ എഴുതി തയ്യാറാക്കുകയും MAFIL ഒപ്പുവയ്ക്കുകയും ചെയ്യണം

### 32. വിച്ഛേദിക്കൽ

ഈ ഉടമ്പടിയിലെ ഏതെങ്കിലും വ്യവസ്ഥകൾ, നിയമപ്രകാരമല്ലാതായാൽ, അസാധുവായാൽ, നിരർത്ഥകമായാൽ, നടപ്പിലാക്കാൻ പറ്റാത്തതായാൽ അത്തരം വ്യവസ്ഥകൾ ഈ ഉടമ്പടിയിൽ നിന്നും ആവശ്യമുള്ള അത്രയും വ്യാപ്തിയിൽ പരിമിതപ്പെടുത്തുകയോ നീക്കം ചെയ്യുകയോ ചെയ്യും. ബാക്കിയുള്ള വ്യവസ്ഥകൾ പ്രാബല്യത്തിൽ ഉണ്ടാക്കുകയും നടപ്പിലാക്കപ്പെടുകയും ചെയ്യും.

### 33. ഏൽപ്പിക്കൽ

ഈ ഉടമ്പിയും അതിൻ പ്രകാരം നൽകപ്പെടുന്ന അധികാരങ്ങളും ഞങ്ങളുടെ മുൻകൂട്ടിയുള്ള എഴുതി തയ്യാറാക്കിയ സമ്മത പ്രകാരം താങ്കൾ കൈമാറ്റം ചെയ്യുകയോ ഏൽപ്പിക്കുകയോ ചെയ്യാൻ പാടില്ല. ഇവ, ഞങ്ങളുടെ സ്വന്തം വിവേചനാധികാരപ്രകാരം പിടിച്ചുവയ്ക്കപ്പെട്ടവയോ ഞങ്ങളുടെ ബിസിനസ്സ് പുനർഘടനയുടെ ഭാഗമായി യാതൊരു നിയന്ത്രണങ്ങളുമില്ലാതെ ഞങ്ങൾ അഫിലിയേറ്റുകളെ ഏൽപ്പിച്ചതോ ആകാം. ഈ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടു നടത്തുന്നു ഏൽപ്പിക്കലുകൾ നിരർത്ഥകമാകുകയോ ഫലത്തിലില്ലാതാകുകയോ ചെയ്യും.

### 34. അതിജീവനം

ഈ ഉടമ്പടി, ടെർമിനേറ്റ് ചെയ്താൽ, ഇതിൽ പറഞ്ഞിരിക്കുന്ന അതിജീവിക്കണം, അതിജീവിക്കും എന്നെല്ലാം ധ്വനിപ്പിക്കുന്ന വ്യവസ്ഥകൾ ഇത്തരം ടെർമിനേഷനു മുമ്പുള്ള കൈമാറ്റങ്ങൾ, ബന്ധങ്ങൾ എന്നിവ സംബന്ധിച്ചതായിരിക്കും.

### 35. തലക്കെട്ടുകൾ

ഇവിടെ കൊടുത്തിരിക്കുന്ന തലക്കെട്ടുകളുടെ റെഫറൻസുകൾ സൗകര്യത്തിനു വേണ്ടിമാത്രമാണ്. അവ വ്യവസ്ഥകളുടെയും നിബന്ധനകളുടെയും ഭാഗമാക്കുന്നില്ല കൂടാതെ അവ അതിനുശേഷം വരുന്ന വ്യവസ്ഥകളിലേതെങ്കിലും ഒന്ന് ഇവയെ പരിമിതപ്പെടുത്തുന്നതായോ ബാധിക്കുന്നതായോ കണാക്കാക്കുന്നതല്ല.